
little KITEs
M.K.M H.S.S PIRAVOM-2018-19
ചെറുള്ളവല്ലുകൾ

# ചെറുജീവലുകൾ

ലിറ്റിൽ കൈറ്റ്സ്

2018–2019

എം കെ എം എച്ച് എസ് എസ്

പിറവം

## ഉള്ളടക്കം

സന്ദേശം....................................................................................6
എഡിറ്റോറിയൽ.............................................................................7
എഡിറ്റോറിയൽ ബോർഡ്..................................................................8
ലിറ്റിൽ കൈറ്റ്സ് പ്രവർത്തന റിപ്പോർട്ട് 2018-2019..................................10
മാതാ പിതാ ഗുരു ദൈവം...............................................................12
എന്റെ വിദ്യാലയം.........................................................................13
കൊടുംവേനലിൽ..........................................................................14
ഈശ്വരൻെറ കയ്യൊപ്പ്....................................................................15
ആസ്വാദനക്കുറിപ്പ്........................................................................16
ഭൂമിപാഠങ്ങൾ.............................................................................17
ലിറ്റിൽ കൈറ്റ്സ് ഔപചാരിക ഉദ്ഘാടനം...............................................19
ഗാന്ധി ക്വിസ്..............................................................................20
ശാസ്ത്രജ്ഞർ..............................................................................21
ആസ്വാദനക്കുറിപ്പ്........................................................................23
ഇലവഴിഞ്ഞിയുടെ........................................................................24
ഓർമ്മപടവുകൾ!.........................................................................24
ആസ്വാദനക്കുറിപ്പ്........................................................................27
സുഹൃത്ത്..................................................................................28
പ്രളയം.....................................................................................29
ഉള്ളൂർ എസ് പരമേശ്വരയ്യർ...........................................................31
അതിജീവനം..............................................................................32
പ്രളയം.....................................................................................34
നമ്മുടെ മാതൃഭാക്ഷ മലയാളം.........................................................36
ഓർമ്മക്കുറിപ്പ്............................................................................37
പഴഞ്ചൊല്ലുകൾ...........................................................................39
എന്റെ ഗ്രാമം..............................................................................40
പ്രിലിമിനറി ക്യാമ്പ്......................................................................41
ലോകേമേ യാത്ര..........................................................................42
അടിയൊഴുക്ക്.............................................................................43
അമ്മ.......................................................................................45
ജന്മസായൂജ്യം............................................................................46

കഴിഞ്ഞ കാലം കൊഴിഞ്ഞപീലി.....47
നിയെന്തേ വരാത്തത് ?.....48
പഠനക്കുറിപ്പ്.....49
പ്രകാശം.....51
രക്ഷകൻ.....52
സ്കൂൾതല ക്യാമ്പ്.....53
ഡിജിറ്റൽ മാഗസിൻ നിർമാണം.....53
പരിശീലന ക്ളാസുകൾ.....54
സബ്ജില്ല ക്യാമ്പ്.....55
ക്യാമറ ട്രയിനിംഗ്.....56
പടവുകൾ.....56

# സന്ദേശം

*ലിറ്റിൽ കൈറ്റ്സ് ക്ലബിന്റെ ആഭിമുഖ്യത്തിൽ "ചെറുതുവലുകൾ "എന്ന പേരിൽ തയ്യാറാക്കിയ ഡിജിറ്റൽ മാഗസിൻ വളരെ ഗംഭീരം തന്നെ. കുട്ടികളുടെ സർഗശേഷിയുടെയും വായനാനുഭവത്തിന്റെയും മികച്ച ഒരു പ്രകടനം എന്നു തന്നെ ഇതിനെ വിശേഷിപ്പിക്കാം. ക്ലബ്ബംഗങ്ങളുടെ രചനാസൃഷ്ടികൾ ചെറുതുവലുകളായി,ചെറു പട്ടങ്ങളായി വാനോളം ഉയരട്ടെ എന്നാശംസിച്ചുകൊണ്ട്*

*കെ.വി.ബാബു*
*ഹെഡ്മാസ്റ്റർ*



# എഡിറ്റോറിയൽ

*എം. കെ. എം വിദ്യാസാഗരത്തിലെ കുരുന്നു പ്രതിഭകളുടെ സർഗസൃഷ്ടികളുടെ സമ്മേളനമാണിത്. കഥകളായും, കവിതകളായും പാറികളിക്കുന്ന രചനാസൃഷ്ടികളുടെ ഉത്തുംഗശ്രേണിയായ "ചെറുതുവലുകൾ" എന്ന മനോഹരമായ ഡിജിറ്റൽ മാഗസിൻ സവിനയം നിങ്ങളുടെ മുമ്പിൽ സമർപ്പിക്കുന്നു*

*എഡിറ്റർ*

# എഡിറ്റോറിയൽ ബോർഡ്

*ശ്രീ കെ വി ബാബു (ഹെഡ്മാസ്റ്റർ)*

*ശ്രീ സൈബി സി കുര്യൻ (സ്റ്റാഫ് സെക്രട്ടറി)*

*ശ്രീമതി സി കെ മിനി (കൈറ്റ് മാസ്റ്റർ)*

*ശ്രീമതി ലിപി പീറ്റർ (കൈറ്റ് മിസ്റ്ററസ്)*

*ശ്രീമതി രഞ്ജു കുര്യൻ (അധ്യാപിക)*

*ശ്രീമതി ഷീന മാത്യു (അധ്യാപിക)*

*ക്രിസ്റ്റോ തങ്കച്ചൻ (എഡിറ്റർ)*

*ആഗ്നസ് മേരി ബിജു (വിദ്യാർഥി)*

*പ്രിയദർശൻ പാമ്പ്രാസ് (വിദ്യാർഥി)*

*സുരജ് പി എ (വിദ്യാർഥി)*

*ജോസ്റ്റോൻ സ്റ്റീഫൻ (വിദ്യാർഥി)*

*ആൽഫി ഷാജി (വിദ്യാർഥി)*

# ലിറ്റിൽ കൈറ്റ്സ് പ്രവർത്തന റിപ്പോർട്ട്
# 2018-2019

*വിവരവിനിമയ സാങ്കേതികവിദ്യയുടെ സങ്കേതങ്ങളും ഉപകരണങ്ങളും പരിചയപെടുന്നതിനും സാങ്കേതികരംഗത്തെ വിവിതമേഖലകളിലുള്ള അടിസ്ഥാന നൈപുണികൾ പരിചയപ്പെടുന്നതിനും വിവരവിനിമയ സാങ്കേതികവിദ്യകയിൽ അഭിരുചിയും കഴിവുമുള്ള കുട്ടികളുടെ ഒരു സംഘം വിദ്യാലയങ്ങളിൽ രൂപപെടുത്തിയെടുക്കുന്നതിനുള്ള ശ്രമത്തിന്റെ ഭാഗമായി വിദ്യാലയങ്ങളിൽ രൂപപെടുത്തിയിരിക്കുന്ന കുട്ടികളുടെ കൂട്ടായ്മയാണ് ലിറ്റിൽ കൈറ്റ്സ്*

*ഈ വിദ്യാലയത്തിൽ രൂപം കൊണ്ട ലിറ്റിൽ കൈറ്റ്സ് 2018 ജൂലായ് ഏഴിന് ഔപചാരിക ഉദ്ഘാടനത്തോടുകൂടി പ്രവർത്തനം ആരംഭിച്ചു . എച്ച .എസ് കുത്താട്ടുകുളം വിദ്യാലയത്തിലെ മലയാളം അധ്യാപകനായ ശ്രീ ശ്യാംലാൽ സാർ പ്രധാന അധ്യാപകനായ ശ്രീ കെ വി ബാബുവിന് റെജിസ്ട്രേഷൻ സർട്ടിഫിക്കേറ്റ് കൈമാറി ഉദ്ഘാടനം നിർവഹിച്ചു. പി ടി എ പ്രസിഡന്റ്, വാർഡ് മെമ്പർ, മാനേജർ എന്നിവർ സന്നിഹിതരായിരുന്നു .തുടർന്ന് ഐ ടി വിദഗ്ധൻ ശ്യാം ലാൽ സാറിന്റെ നേതൃത്വത്തിൽ ഏകദിന ശിൽപ്പശാല നടത്തപ്പെട്ടു .മുപ്പത്തിയെട്ടു കുട്ടികൾ പങ്കെടുത്തു തുടർന്നു വന്ന എല്ലാ ബുധനാഴ്ച്ചകളിലും പരിശീലന ക്ലാസ്സുകൾ നടന്നു.*

*ഓഗസ്റ്റ് പതിനൊന്നിന് വീഡിയോ എഡിറ്റിങ്ങിൽ സ്കൂൾതല ക്യാമ്പ് ഈ വിദ്യാലയത്തിൽവച്ച് ശ്രീ എബിൻ കുരിയാക്കോസ് സാറിന്റെ നേതൃത്വത്തിൽ നടത്തി ക്രിസ്റ്റോ തങ്കച്ചൻ,ജോസ്റ്റോൻ സ്റ്റീഫൻ, അലീന സെബാസ്റ്റിൻ, ബിജിതാ ബിജു എന്നിവരേ ആനിമേഷൻ പരിശീലനത്തിനായി സബ് ജില്ലാ തല ക്യമ്പിലേക്ക് തിരഞ്ഞെടുത്തു*

*ഒഗസ്റ്റ് പന്ത്രണ്ടിന് നടത്തിയ അഭിരുചിപരിക്ഷയുടെ അടിസ്ഥാനത്തിൽ അലക്സ് ഷാജി ,പ്രിയദെർശൻ ,ആൽഫി ഷാജി,ആഗ്നസ് മേരി എന്നിവരെ പ്രോഗ്രാമിങ്ങ് പരിശീലനത്തിനായി സബ് ജില്ലതലത്തിലേക്ക് തെരഞ്ഞെടുത്തു .*

*സെപ്റ്റംബർ 29,30 തിയതികളിൽ ഈ വിദ്യാലയത്തിൽ വച്ച നടന്ന ദ്വിദിന സബ് ജില്ലാ ക്യാമ്പ് നയിച്ചത് ശ്രീ അനിൽ കുമാർ കെ ബി, ശ്രീ സജിമോൻ എം റ്റി ,ശ്രീ ബെന്നി ജോസ് ,ശ്രീ വിപുൽ എന്നിവരാണ് തുടർ ബുധനാഴ്ച്ചകളിൽ മലയാളം കംമ്പ്യൂട്ടിങ് ,ഇന്റർനെറ്റ് പ്രോഗ്രാമിങ് ,മൊബൈൽ ആപ്പ് എന്നിവയിൽ കുട്ടികൾക്ക് പരിശീലനം നൽകി മാഗസീൻ നിർമാണപ്രവർത്തനങ്ങൾ നടത്തി*

# മാതാ പിതാ ഗുരു ദൈവം

മാതാപിതാക്കളെ കാൽ തൊട്ടുവന്ദിച്ച
നേരം പുലർത്തുന്ന മക്കൾ നമ്മൾ
മാതാപിതാക്കളിൽ ദൈവത്തെ നാം കണ്ടു
ദൈവത്തെ നാം അനുസരിച്ചീടണം
നമ്മേ സ്നേഹം കൊണ്ടു മൂടുന്ന മാതാപിതാക്കൾ...
മാതാപിതാക്കൾ.... മാതാ  പിതാ ഗുരു ദൈവം

അറിവുതരുന്ന ഗുരുക്കന്മാരുടെ
അനുഗ്രഹം നമ്മോട്ടു കൂടെയുണ്ട്
അധ്യാപകരെ നിന്ദിച്ചാൽ നമ്മുക്ക്
ദോഷം മാത്രമേ ഭവിക്കയുള്ളു

അറിവുപകരുന്ന അധ്യാപകർ
നമുക്കാദ്യക്ഷരം നുകരുന്നു
പഠനമൊരു പോരാട്ടമായി കണ്ടാൽ
വിജയം നമുക്കുറപ്പുതന്നെ.

നമ്മുടെ സ്നേഹ ഗുരുക്കൾ
മാതാ പിതാ ഗുരു ദൈവമെന്ന
ഗുരുവചനങ്ങൾ ശ്രവിച്ചിടേണം
മാതാ പിതാ ഗുരു ദൈവം

നാം ചെയ്ത തെറ്റുകൾ പൊറുത്തിടുന്ന
ദൈവത്തിൻ മക്കൾ നമ്മൾ
മാതാ പിതാ ഗുരു ദൈവവും
നമ്മൾക്കൊരുപോലെ
ആണെന്നോർത്തീടേണം
മാതാ പിതാ ഗുരു ദൈവം (2)

നന്ദന പ്രമോദ്
7 എ

# എന്റെ വിദ്യാലയം

എന്റെ വിദ്യാലയം
അറിവിന്റെ ആദ്യ പാഠങ്ങൾ
എന്നകതാരിൽ പകർന്ന
അറിനിന്റെ കനിയാണെന്റെ വിദ്യാലയം
ആ ജ്ഞാനമെന്നിൽ കൊളുത്തിയ
ജ്ഞാന കൈത്തിരിയാണെൻ ഗുരുനാഥൻ
മാതാ പിതാ ഗുരു ദൈവം
എന്ന മഹത് വചനം
സാക്ഷീകരിക്കുന്നതാണെന്റെ വിദ്യാലയം
ഞാനെന്ന വ്യക്തിത്വം വളർത്തിത്തന്ന
ജ്ഞാന പാഠങ്ങൾ ഹൃദയത്തിൽ പകർന്ന
സുഹൃത് വലയങ്ങൾ എനിക്ക് നൽകിയ
പുണ്യമാണെന്റെ വിദ്യാലയം

എൽദോ റെജി
8 എ

# കൊടുംവേനലിൽ

മേടമാസത്തിലെ കൊടും വേനൽ തീയിലായ്
പച്ചപ്രക്രുതിയുണങ്ങി കരിഞ്ഞുപോയ്
തിഷ്ണമാം ചൂടിലും മർത്ത്യൻ വിയർത്തു പോയ്
കേട്ടറ്റ വേനലിൽ പുഴയും വരണ്ടുപോയ്

ഒരു തുള്ളി ജലമൊന്നു നൽകുവാനായില്ല
മഴയുടെ വരവൊന്നറീയുവാനായില്ല
ദാഹത്തിനിരയായ് കിടക്കുന്ന മർത്ത്യനും
ഒരു തുള്ളി കണ്ണീർ പൊഴിക്കുവാനായില്ല

വെയിലേറ്റു വീഴുന്ന ജീവഗണങ്ങളെ
കോരിയെടുക്കാനായ് കൈകൾ പതിഞ്ഞില്ല
ഒരു തുള്ളി ജലവുംകുടിക്കുവാനാകാതെ
മർത്യന്റെ കണ്ണുകൾ ഇരുളിൽ മറഞ്ഞുപോയ്.....

അഞ്ജന ക്രുഷ്ണൻ
9 എ

# ഈശ്വരൻെറ കയ്യൊപ്പ്

ഒരിടത്തൊരു കൃഷിക്കാരനുണ്ടായിരുന്നു. നാരായണൻ. നാരായണന് ഒരു മകനുണ്ടായിരുന്നു, പ്രകാശൻ. ആർക്കും ഒരുപദ്രവവും ചെയ്യാത്ത സദ് പ്രവർത്തികൾ മാത്രം ചെയ്തുകൊണ്ടിരുന്ന നല്ല മനുഷ്യനായിരുന്ന നാരായണൻ. അതിനാൽ തന്നെ അദ്ദേഹം വളരെ സമ്പന്നനായിരുന്നു. പക്ഷേ ആ സമ്പത്തിൽ മുഴുകിയിരുന്ന മകൻ പ്രകാശന് ചുറ്റുമുള്ള നന്മകളൊന്നും കാണാനായില്ല. മദ്യപാനവും, പുകവലിയും ഇങ്ങനെ എല്ലാ ദുശ്ശീലങ്ങളും അവനുണ്ടായിരുന്നു.

അങ്ങനെയിരിക്കെ കുറച്ച് വർഷങ്ങൾ കഴിഞ്ഞപ്പോൾ നാരായണൻ മരിച്ചുപോയി. അതിനുശേഷം ആ സ്വത്തുക്കളെല്ലാം അവന്റെ കൈകളിലായി. അപ്പോൾ അവന്റെ ധൂർത്തും അഹങ്കാരവും ഒന്നുകൂടി വർധിച്ചു. അങ്ങനെ സ്വത്തുക്കളെല്ലാം വിറ്റ് മദ്യപാനത്തിനും പുകവലിയ്ക്കും വേണ്ടി ഉപയോഗിച്ചു. അവസാനം അവന്റെ കൈയ്യിൽ ഒന്നുമില്ലെന്നായി. അതുകഴിഞ്ഞ് അവൻ കടം വാങ്ങി കുടിക്കാനുംവലിക്കാനും തുടങ്ങി. കുറച്ചുനാൾ കഴിഞ്ഞപ്പോൾ കടക്കാരുടെ ശല്യം സഹിക്കാൻ വയ്യാതെ അവൻ അവന്റെ വീടും വിറ്റു. അതിന്റെ ലാഭം അവർക്ക് നൽകി. അങ്ങനെ ഒന്നുമില്ലാത്തവനായി അവന് പെരുവഴിയിലേയ്ക്കിറങ്ങേണ്ടി വന്നു. അപ്പോൾ അവന് മാനസാന്തരമുണ്ടായി. താൻ ചെയ്തതെല്ലാം തെറ്റായിപ്പോയി. എന്ന് മനസ്സിലാക്കി. അതിനാൽ അവൻ അധ്വാനിക്കാൻ തുടങ്ങി. അതിനായി അവന്റെ ദുശ്ശീലങ്ങളും അവൻ ഒഴിവാക്കി. അതിനാൽ തന്നെ തന്റെ ജീവിതത്തിന് ഒരു അർത്ഥമുണ്ടാകണമെന്ന് അവൻ പ്രതീക്ഷിച്ചു. അവൻ ഒരു മുക്കുവനായി.

കുറച്ചുനാൾ കഴിഞ്ഞു. ഒരു ദിവസം അവൻ കായലിന്റെ നടുവിൽ വലയിടുകയായിരുന്നു. പെട്ടെന്ന് ഭാരമുള്ളഎന്തോ ഒന്ന് തടഞ്ഞു. വളരെ കഷ്ടപ്പെട്ട് അവൻ അത് വലിച്ചെടുത്തു. നോക്കിയപ്പോഴോ, ഒരു വലിയ കുടം നിറയെ സ്വർണ്ണനാണയങ്ങൾ ലഭിച്ചു. അവൻ അതുകൊണ്ട് വീണ്ടും ഒരു ധനികനായി. അവന് നഷ്ടപ്പെട്ടത് എല്ലാം തിരിച്ചുപിടിച്ചു. അച്ഛനെപ്പോലെ അവനും ദാനധർമ്മവും, നന്മകളും ചെയ്യാൻ തുടങ്ങി. പിന്നീട് അതായിരുന്നു അവന്റെ ലഹരി. അവൻ ഒരു വിവാഹവും കഴിച്ചു. അവൻ വിവാഹം ചെയ്തത് ഒരു പാവപ്പെട്ട വീട്ടിലെ പെൺകുട്ടിയെയാണ്, പേര് സീത . പിന്നീടുള്ള കാലം അവർ സുഖമായി ജീവിച്ചു.

ഫെബിൻ പി സിവി
9 സി

# ആസ്വാദനക്കുറിപ്പ്

“ജീവിതോഷസ്സിൽ വിരിഞ്ഞോരാ-
പൂവിതൾ തൂകിയ മഞ്ഞുനീരിൽ
ബിംബച്ചുകാണായ്മേ മനുഷാത്മവിങ്കൽ
നിർമഗാമയുള്ള ദിവ്യരശ്മി"

ബാലാമണിയമ്മയുടെ'അമ്മ' എന്ന കവിതയിലെ വരികളാണിവ.
നമ്മുടെ സമൂഹത്തിൽ കാണുന്ന ഒരു ജീവിതദൃശ്യത്തെയാണ് കവിയത്രി ഇവിടെ വരച്ചുകാണിക്കുന്നത്. വീട്ടുമുറ്റത്തെ പടികല്ലിൽ എന്തിനാണെന്നറിയാതെ ഇരുന്ന്കരയുന്ന യാചകബാലനെ. ശ്രദ്ധിച്ചുനിൽക്കുന്ന അമ്മയുടെ ഓമനക്കുട്ടന്റെ കണ്ണിൽ നിന്ന് രണ്ടു കണ്ണുനീർതുള്ളികൾ നിലത്തു വീണു.ജീവിതത്തിന്റെ പ്രഭാതത്തിൽ വിരിഞ്ഞ ആ താമരപൂവിന്റെ ഇതൾ തൂകിയടഞ്ഞു നീരിൽ തെളിഞ്ഞു കാണാൻ സാധിക്കുന്നത് മനുഷ്യന്റെ ആത്മാവിൽ ഒളിഞ്ഞു കിടക്കുന്ന സഹജീവി സ്നേഹത്തിന്റെ ദിവ്യരശ്മികളാണ്.

ജോസ് മോൻ സറ്റീഫൻ
9 എ

# ഭൂമിപാഠങ്ങൾ

അനുദിനജീവിതത്തിരക്കുകളിൽഇത്തിരിവട്ടങ്ങളിലെപോലുംനന്മയ,സൗന്ദര്യവ,ആഹ്ളാദവ,സാന്ത്വനവു മൊക്കെ മനുഷ്യന് നഷ്ടമാവുകയാണ്. ജീവിതത്തിലേക്ക്നോക്കുവാനും,മനുഷ്യനെകൂടുതൽ മനസ്സിലാക്കുവാനും,സഹായിക്കുന്ന തുറന്നൊരു പുസ്തകമാണ് പ്രകൃതിയെന്ന് നമ്മൾ വിചാരിക്കുന്നതേയില്ല.വേദനയുടെയും സങ്കടങ്ങളുടെയും ,നേട്ടങ്ങളുടെയുമൊക്കെ നിമിഷങ്ങളിൽ പ്രകൃതിയെന്ന പുസ്തകം വായിക്കാനോ,ദൈവം കാവൽ നിൽക്കുന്ന പ്രശാന്തസുന്ദരമായ ഈ ഭൂമിയുടെ അഴക് ആസ്വദിക്കാനോ ഉള്ള സാവകാശമൊന്നും ഇന്ന് മനുഷ്യനില്ലെന്നതാണ് വാസ്തവം ഏതൊക്കെയോ തിരക്കിലും,വ്യഗ്രതയിലും,കുരുങ്ങിപ്പോയിരിക്കുന്ന നമ്മുടെ ജീവിതം ഫലമോ,ശരീരവും മനസ്സുമൊക്കെ മരവിച്ച് വല്ലാതെ രോഗാതുരമായ അവസ്ഥയിലും......

പ്രകൃതി നമ്മുക്ക് നൽകുന്ന നിറത്തിന്റെയും,സുഗന്ധത്തിന്റെയും മൃദുലതയുടെയും കാഴ്ചകളും,അനുഭവങ്ങളുമൊന്നും വാക്കുകളിലൊതുക്കാനാവില്ല. ധ്യാനനിർലീനരായ യോഗിമാരെപ്പോലെയുള്ള മലനിരകളും,ധാരമുറിയാതെ സൗമ്യമായൊഴുകുന്ന പുഴകളും,പലനിറത്തിലും സുഗന്ധത്തിലും വിരിഞ്ഞു നിൽക്കുന്ന പൂക്കളും പാറിപ്പറക്കുന്ന പറവജാലകളുമൊക്കെ ചേർന്ന ഈ ഭൂമി എത്ര വലിയ ഒരു ശാന്തിയിലേക്കാണ് ഓരോ മനസ്സിനേയും കൂട്ടിക്കൊണ്ടുപോകുന്നത്.പുലരിയിൽ ഇലകളിൽ നിന്ന ഇറ്റുവീഴുന്ന ഹിമകണത്തിന്റെ കുളിർമ ഏതു മനസ്സിനെയാണ് തണുപ്പിക്കാത്തത് ? എന്നാൽ പ്രകൃതിയുമായുള്ള ഇടപെടലുകളിൽ ബഹുമാനവും,ആരാധനയും പുലർത്തുന്നവർക്കല്ലാതെ മറ്റാർക്കും ഇതു സംഭവിക്കാൻ സാധിക്കില്ല എന്നുള്ളതാണ് വേറേ കാര്യം,

എനിക്ക് ഈ പ്രപഞ്ചത്തെ കെട്ടിപ്പിടിച്ച് ഉമ്മവെയ്ക്കാൻ തോന്നുന്നുവെന്ന് വൈക്കം മുഹമ്മദ് ബഷീർ എഴുതിയത് വെറുതെയല്ല...മനുഷ്യൻ പ്രകൃതിയെ മറക്കുകയും തന്റേതു മാത്രമായ ഒരു ലോകം ഉണ്ടാക്കുകയും ചെയ്തപ്പോൾ മറ്റു ജീവികൾ അവഗണിക്കപ്പെട്ടു എന്നു മാത്രമല്ല മനുഷ്യന്റെ പ്രകൃതിഗുണങ്ങൾ നഷ്ടമാവുകയും ചെയ്തു.
അസഹിഷ്ണുതയും, സ്വാർത്ഥതയും തലയ്ക്കുപിടിച്ച ഇന്നത്തെ തലമുറയ്ക്ക് ഒരുതരത്തിലും മനസ്സിലാക്കാൻ സാധിക്കാത്ത ഒരു കാര്യവും ഇതുതന്നെയാണ്. കാരണം നമുക്ക് കബളിപ്പിക്കലിന്റെ ശൈലിയേ അറിയൂ.........ജീവികളെ മാത്രമല്ല, ദുർബലമായ മനുഷ്യരെ പോലും കൊന്നൊടുക്കാനും,സ്വന്തം മണ്ണിൽ നിന്ന് പറിച്ചെറിയാനും നമുക്ക് മടിയില്ലാത്തത് അതുകൊണ്ടാണ്. നഗരവല്ക്കരണമെന്ന് ഓമനപ്പേരിട്ടിരിക്കുന്ന പല മനോഹരകാര്യങ്ങളുടേയും പിന്നിൽ സംഭവിക്കുന്നത് നിശ്ചയമായും ക്രൂരതതന്നെയാണ്.

ചെറുതോ വലുതോ ആയ എല്ലാ ജീവികൾക്കും ഈ ഭൂമിയിൽ ജീവിക്കാനുള്ള അവകാശമുണ്ടെന്ന് എന്താ നമ്മൾ ഓർക്കാത്തത് ?ഭൂമിയുടെ അവകാശികൾ മനുഷ്യൻ മാത്രമല്ല എന്ന ബഷീറിൻ്റെ കാഴ്ച്ചപ്പാട് സ്വന്തമാക്കണമെങ്കിൽ അല്പം കൂടി വിനയം നമ്മുക്ക് ആവശ്യമുണ്ട് മത്സരത്തിലെ എതിരാളിയല്ല. ജീവിതത്തിലെ സഹകാരിയാണ് ഓരോ ജീവിയുമെന്ന് തിരിച്ചറിയാൻ ശ്രദ്ധിയും സുതാര്യതയുമുള്ള ഒരു മനസ്സ് വേണം.. അതു നമ്മൾ ശീലിപ്പിച്ചെടുക്കേണ്ടത് വളരെ അത്യാവശ്യമാണ്. നമ്മുടെ സാധാരണ ജീവിതത്തെഅസാധാരണശോഭയുള്ളതാക്കുന്നസഹവർത്തിത്വം സ്വന്തമാക്കുന്നില്ലെങ്കിൽ പ്രകൃതിയുടെയും മനുഷ്യന്റെയും നിലനിൽപ് പോലും അപകടത്തിലാകാം, ഒരാളുടെ സുഖ സൗകര്യങ്ങൾക്കു വേണ്ടയുള്ള പരക്കം പാച്ചിൽ മറ്റൊത്തിരിപ്പേരുടെ ദുഃഖത്തിന് കാരണമായിത്തീരാം എന്നത് നമ്മുടെ ചിന്തയിൽ ഉണ്ടാകേണ്ടതാണ്.ഭൂമിയുടെ നൈർമ്മല്യങ്ങൾക്ക് ക്ഷതമേൽപ്പിക്കുന്ന തരത്തിലുള്ള കൈയേറ്റങ്ങൾ പ്രപഞ്ചത്തിന്റെ തന്നെ സ്വാഭാവികഘടനയെ തകർത്തുന്നുവെന്നത് വരൾച്ചയുടെയും,വെള്ളപ്പൊക്കത്തിന്റെയും രൂപത്തിൽ വരുന്ന കാലാവസ്ഥ ദുരന്തങ്ങളൊക്കെ സൂചിപ്പിക്കുന്നത് .അനുദിന ജീവിതത്തിന്റെ അഴക് കാണാൻ പ്രകൃതിയോളം നല്ലൊരു പാഠശാലയില്ല. ക്ഷമയുടെയും, ഉദാരതയുടെയും പാഠമുണ്ടവിടെ ജീവിതമെന്നത് സ്നേഹവും,ക്ഷമയുമാണെന്ന് പ്രകൃതി നമ്മളെ പഠിപ്പിക്കുന്നുണ്ട്. മരങ്ങൾ ക്ഷമയും പുല്ല് നിശ്ചയ ദാർഢ്യവും പഠിപ്പിച്ചെന്ന് അമേരിക്കൻ പത്രപ്രവർത്തകൻ ഹാൽ ബോർലാൻഡ് പറയുന്നുണ്ട് അതെ..... അങ്ങനെ തന്നെയാണ്..... ഞെട്ടറ്റ് പറന്നു വീഴുന്ന വിളറിയ ഇലയ്ക്കും എന്തോ ഒന്നു പറയാനുണ്ട്..........................

ഷീബ എം ജോൺ
അധ്യാപിക

ചെറുവലുകൾ

# ലിറ്റിൽ കൈറ്റ്സ് ഔപചാരിക ഉദ്ഘാടനം











്എസ്

# ഗാന്ധി ക്വിസ്

1} മഹാത്മാ ഗാന്ധിയുടെ ജന്മസ്ഥലം?
ഉത്തര: പോർബന്തർ.
2} ഗാന്ധിജിയുടെ ഓമനപേര്?
ഉത്തര: മോനിയ.
3} ഗാന്ധിജിയുട ജനനതീയതി?
ഉത്തര: 1869 ഒകടോബർ 2
4} ഗാന്ധിജിയുടെ ഘാതകൻ?
ഉത്തര: വിനായക് നാഥുരാം.
5} മഹാത്മാ ഗാന്ധിയുടെ പിതാവ്?
ഉത്തര: കരംചന്ദ് ഗാന്ധി.
6} മഹാത്മാ ഗാന്ധി വധിക്കപ്പെട്ട ദിവസം?
ഉത്തര: 1948 ജനുവരി 30.
7}ഗാന്ധിജി ആദ്യ ജയിൽവാസം അനുഭവിച്ചത് എവടെവച്ച്?
ഉത്തര: ദക്ഷിണാഫ്രിക്കയിൽ.
8} ഗാന്ധിജി അവസാനമായി കേരളത്തിലെത്തിയ വർഷം?
ഉത്തര: 1936.
9} ഗാന്ധിജി പഠിച്ചിരുന്ന ഗുജറാത്തിലെ കോളേജ്?
ഉത്തര: സമൽദാസ് കോളേജ്.

അനഘ മോൻസി
*9 സി*

# ശാസ്ത്രജ്ഞർ

ആൽബർട്ട് ഐൻസ്റ്റീൻ

ജനനം : 1879 മരണം :1955

ജർമ്മൻ ഭൗതിക ശാസ്ത്രജ്ഞനായ ഇദ്ദേഹത്തിന്റെ പ്രസിദ്ധിമായ സിദ്ധാന്തമാണ് വിശേഷ ആപേക്ഷികതാ സിദ്ധാന്തം ദ്രവ്യവും ഊർജവും തമ്മിലുള്ള ബന്ധം കാണിക്കുന്ന സമവാക്യമായ $E=mc^2$ ഇതിൽ നിന്നും ഉടലെടുത്താണ് .ന്യൂട്ടോണിയൻ ഭൗതിക ശാസ്ത്രത്തിന് പരിവർത്തനം വരുത്തിയത് ഐൻസ്റ്റീനാണ് .ഫോട്ടോഇലക്ട്രിക് പ്രഭാവം വിശദീകരിച്ചതിന് 1921 ലെ ഊർജതന്ത്രത്തിനുള്ള നൊബേൽ സമ്മാനം ഇദ്ദേഹത്തിനു ലഭിച്ചു

ആര്യഭടൻ

ജനനം : എ.ഡി . 476
മരണം : എ.ഡി . 550 നോടടുത്ത്
ഭാരതീയ ഗണിതശ്രാസ്ത്രജ്ഞൻ, ആര്യഭടീയം എന്ന ഗ്രന്ഥം രചിച്ചു. പലതരത്തിലുള്ള ക്ഷേത്രഗണിതരൂപങ്ങളുടെ വിസ്തീർണം കാണാനുള്ള സമവാക്യങ്ങൾ കണ്ടുപിടിച്ചു. പൈയുടെ വില ഏതാണ്ട് കൃത്യമായി (3.1416) കണകക്കി.

ഐസക് ന്യൂട്ടൻ

ജനനം : 1642 മരണം : 1727

ബ്രിട്ടീഷ് ഭൗതിക, ഗണിത ശാസ്ത്രജ്ഞൻ. ഗുരുത്വാകർഷണ നിയമത്തിന്റെ പിതാവ്. ചലനനിയമങ്ങളുടെ ഉപജ്ഞാതാവ്. ഫിലൊസോഫിയ നാച്വറാലിസ്. പ്രിൻസിപ്പിയാമാത്തമാറ്റിക്കാ എന്ന ഗ്രന്ഥം 1678 ൽ ന്യൂട്ടൻ പ്രസിദ്ധീകരിച്ചു. 1704 ൽ പ്രകാശത്തിൽ താൻ നടത്തിയ ഗവേഷണങ്ങൾ ക്രഡീകരിച്ച് ഒപ്റ്റിക്സ് എന്ന ഗന്ഥം ന്യൂട്ടൻ റോയൽ സൊസൈറ്റിയുടെ അധ്യക്ഷനായി. 1705 ൽ അദ്ദേഹത്തിനു സർസ്ഥാനം നൽകപ്പെട്ടു

അലക്സാണ്ടർ ഫ്ളെമിങ്

ജനനം : 1881 മരണം : 1955

പെനിസിലിൻ എന്ന ആന്റിബയോട്ടിക് കണ്ടുപിടിച്ചു. പ്രതിഭാശാലിയായ ഒരു ഭാക്ടീരിയോളജിസ്റ്റായി മാറ്റാൻ ഫ്ളെമിങിനു കഴിഞ്ഞു. കണ്ണുനീരിൽ ശക്തി കുറഞ്ഞ ഒരു ബാകടീരിയാനാശിനി ഉണ്ടെന്നു കണ്ടെത്തി. 1955 ൽ വൈദ്യശാസ്ത്ര നൊബേൽ സമ്മാനം ഹോവാർഡ് ഫ്ളോറി, ഏണസ്റ്റ് ചെയിൻ എന്നിവരുമായി പങ്കിട്ടു

എസ്. രാമാനുജൻ
ജനനം : 1887 മരണം : 1920

ഭാരതീയ ഗമിതശാസ്ത്രജ്ഞരിൽ പ്രധാനി. തമിഴ്നാട്ടിലെ ഈറോഡിൽ ജനിച്ചു. പ്രൊഫ . ജി . എച്ച . ഹാർഡിയുടെ ശ്രമഫലമായി 1913 ൽ ഇദ്ദേഹത്തിന് മദ്രാസ് യൂണിവേഴ്സിറ്റിയുടെ ഫെലോഷിച്ച് ലഭിച്ചു. 1914 ൽ കേബ്രിഡജിൽ വച്ച് പ്രശസ്തരായ ഹാർഡിക്കും ലിറ്റിൽ വുഡിനുമൊപ്പം ഗവേഷണങ്ങളിൽ ഏർപ്പെട്ടു. നൂറ്റാണ്ടുകളായി ഗണതശാസ്ത്രജ്ഞർക്ക് അജ്ഞാതമായിരുന്ന ചില പൊതുനിയമങ്ങൾ ആവിഷ്കരിച്ചു. ഇദ്ദേഹത്തിന്റെ സിദ്ധാന്തങ്ങളുടെ വ്യാഖ്യാനം ഇന്നും പൂർത്തിയായിട്ടില്ല. '1729' എന്ന സംഖ്യ 'രാമാനുജൻ സഖ്യ' എന്നാണറിയപ്പെടുന്നത്

ആൽഫി ഷാജി

# ആസ്വാദനക്കുറിപ്പ്

പൂക്കാതിരിക്കാനെനിക്കാവതില്ലെ "ആധുനികകവികളിൽ പ്രമുഖനായ ഡോ.കെ.അയപ്പപ്പണിക്കർ എഴുതിയ ശ്രദ്ധേയമായ കവിതയാണ് പൂക്കാതിരിക്കാനെനിക്കാവതില്ലെ. പ്രകൃതിയിലെ എല്ലാ ജീവികൾക്കും
അതിന്റേതായ ദൗത്യങ്ങളുണ്ട്,വേനലിൽ കത്തിയുരുകുമ്പോഴും കണിയൊരുക്കാൻ പൂക്കുന്ന കണിക്കൊന്നയെപ്പോലെ തന്റെ ജീവിതദൗത്യമെന്തെന്ന് തിരിച്ചറിഞ്ഞ് മറ്റുള്ളവരുടെ നന്മക്കായി ജീവിക്കുന്ന മനുഷ്യരെയാണ് അയ്യപ്പപ്പണിക്കർ ഈ കവിതയിലൂടെ
ആവിഷ്കരിക്കാൻ ശ്രമിച്ചത്

മലയാളികൾക്ക് സുപരിചിതമായ കണിക്കൊന്നയുടെ ആത്മഭാകഷണം എന്ന രീത്യിൽ അയപ്പപ്പണിക്കർ രചിച്ച കവിതയാണ് പൂക്കാതിരിക്കാനെനിക്കാവതില്ലേ കണിക്കൊന്ന നമ്മുക്കി ഒരു മാതിരകയാണെന്നു, ജീവിതത്തിലെ പ്രതികൂല കാലവസ്ഥകൾ തരണം ചെയ്ത് കൊടുംവേനലിൽ കർഷക മനസ്സിൽ കുളിരായി,പ്രതിക്ഷയുടെ കണിയായി പൂത്തുലയുകയാണ് കണിക്കൊന്ന ഈ കവിതയിലൂടെ കവി ഓർമ്മിപ്പിക്കുന്നു, പ്രകൃതിയിലെ ഓരോ ജീവജാലത്തിനും ഓരോ ധർമ്മമുണ്ടെന്നും അത് നിറവേറ്റുകയാണ് അതിന്റെ ജന്മദൗത്യം എന്ന് ഇതിൽ അക്ഷരങ്ങളുടെയും വാക്കുകളുടെയും ആവർത്തനം കവിതയ്ക്ക് താളഭംഗി നൽകുന്നു കവിതയ്ക്ക് ആലാപന സുഖം കിട്ടുന്നത് താളമുള്ളപ്പോഴാണ്

"കണ്ണികാണാൻ കാത്തിരിക്കുന്നതിവരുടെ
ഗുണത്തിനായ് ഞാൻ മഞ്ഞയണിയുന്നു"

എന്ന വരികളിൽ പരിമിതകൾക്കകത്തു നിന്നുകൊണ്ടും മറ്റുള്ളവർക്ക്
സന്തോഷം നൽകാൻ കഴിഞ്ഞതിൽ കൊന്നയ്ക്കുള്ള അഭിമനവും ആത്മസംതൃപ്തിയും വായിച്ചെടുക്കാം ഒരു നിറം മാത്രമേ കൊന്നപ്പൂവിനുള്ളൂ,വേനൽച്ചൂടേറ്റ് അതിന്റെ ഇലകളെല്ലാം കൊഴിഞ്ഞുപോകുന്നു ഈ അവസ്ഥയിലും തന്റെ നിയോഗംത തിരിച്ചറിയാൻ കൊന്നയ്ക്കു കഴിയുന്നു . വ്യക്തിപരമായ താല്പര്യങ്ങളേക്കാൾ മറ്റുള്ളവരുടെ ഗുണത്തിനായി നിസ്വാർത്ഥമായി പ്രവർത്തിക്കുകയാണ് കൊന്ന പൂക്കാതിരിക്കാനെനിക്കാവതില്ലേ...എന്നു പറഞ്ഞുകൊണ്ട്

അക്ഷര സി എ
7 എ

# ഇലവഴിഞ്ഞിയുടെ

# ഓർമ്മപടവുകൾ!...

അങ്ങകലെ അസ്തമിച്ചു തുടങ്ങിയ ചക്രവാളത്തിന്റെ അശാന്തമായ ഇരുളിമയിലേയ്ക്ക് നോക്കി അവൻ തന്നോടുതന്നെ ഒരു ആത്മഗതമെന്നപോൽ ചോദിച്ചു. "ഇനിയെങ്ങോട്ട്?".

ആ ചോദ്യത്തിന് ഉത്തരമെന്നപോലെ അങ്ങകലെ മലനിരകളിനൽ തട്ടിതിരിച്ചുവരുന്ന അതേ ചോദ്യം മാത്രം.

രാത്രി വരവറിയിച്ചിരിക്കുന്നു. പക്ഷികൾ തങ്ങളുടെ വാസസ്ഥലങ്ങളിലേക്ക് മടങ്ങുകയായിരുന്നു. ആ വശ്യമായ മനോഹാരിതയിൽ ലയിച്ചുനിന്നപ്പോൾ തന്റെബാല്യം മുതൽ ഇന്നുവരെയുള്ള സകല ഓർമകളും തന്റെ കണ്ണുകൾക്ക് മുമ്പിൽ പ്രത്യക്ഷപ്പെട്ടപ്പോൾ രഘു അത്ഭുതപ്പെട്ടു പോയി.
മലകളെപ്പോലും പ്രകമ്പനംകൊള്ളിക്കുന്ന മലമുഴക്കി വേഴാമ്പലുകളുടെ സ്വരം കേട്ടുകൊണ്ടു
സന്ധ്യകളിലേക്ക് ചേക്കേറുന്ന ഒരു ഗ്രാമത്തിലാണ് രഘു ഇന്നുള്ളത്.പക്ഷേ രഘുവിന്റെ കണ്ണുകളിൽ അവന് തന്റെ ഗ്രാമത്തിന്റെ മായാചിത്രങ്ങൾ മാത്രം.

ഏതൊക്കെവിധത്തിലോ ആ ഗ്രാമത്തിന് തന്റെ ഗ്രാമവുമായി സാമ്യമുണ്ട്. രഘു ചിന്തിച്ചു. അതേ വയൽ വരമ്പുകൾ, അതേ കൊച്ചു കൊച്ചു ചാണകം കൊണ്ട് മെഴുകിയ കുടിലുകൾ. ആ കുടിലുകളിലുള്ളകോ പാടവരമ്പുകളിലെ കൃഷിക്കാർ. ഏതൊരിടത്തെയുംപോലെ ഇവരും ദരിദ്രരാണ്, വിദ്യാഭ്യാസശിക്ഷണങ്ങളുമില്ല.

ആലോചിച്ചിരിക്കെ, അവന്റെ ഇലവഴിഞ്ഞിയുടെ ചിത്രം മുമ്പിൽ തെളിഞ്ഞുവന്നു. വയലുകൾക്കുമപ്പുറം പുൽമേടുകളാണ്. അതിൽ നിറഞ്ഞു സഞ്ചരിക്കുകയാണ്. യാദവർ എന്ന് ഞങ്ങൾ കളിയാക്കി വിളിക്കാറുള്ള വേടരുടെ കാലിക്കൂട്ടങ്ങൾ.
അതിനുമപ്പുറം കുറവൻ, കുറത്തിമലനിരകളാണ്. മലകൾക്കുള്ളിലെന്താണെന്നറിയാൻ ആകാംക്ഷയുണ്ടായിരുന്നുവെങ്കിലും അറിയാനായില്ല. എന്നാൽ കാടുകൾക്കുള്ളിൽ നിന്നുവന്നിരുന്ന വേടൻന്മാരിൽനിന്ന് കാടിന്റെ ഒരു ചിത്രം മനസ്സിന്റെ ഭിത്തിയിൽ കോറിയിട്ടിരുന്നു. അത് ഇന്നും മായാതെ കിടക്കുന്നു. വയ,ു
വയലുകളിൽനിന്ന് മാറി കുറച്ചകലെയാണ് രഘുവിന്റെ ഗ്രാമത്തിലെ ബ്രാഹ്മണകുടുംബം. എന്നാൽ ഇവിടെ അത് ഒത്ത നടുവിലാണെന്നു മാത്രം.

കുറച്ചിട കഴിഞ്ഞപ്പോൾ വയൽവരമ്പുകളിലൂടെ പുസ്തകസഞ്ചിയുമായി മടങ്ങുന്ന ആ കൊച്ചുകുട്ടിയോട് ആദ്യമായി അന്ന് രഘുവിന് ഒരു മനുഷ്യനോട് അസൂയതോന്നി.

കാത്തുകാത്തിരുന്ന കണ്ണുകൾക്ക് പ്രകാശമേകുന്ന ഉത്സവങ്ങൾ, പെരുന്നാളുകൾ, അന്നു വന്നിരുന്ന ചാന്തുപൊട്ടിനും, കുപ്പിവളകൾക്കുപോലും ഒരു പ്രത്യേകചന്തമുണ്ടാ.ിരുന്നു. അതിനു വേണ്ടി വാശിപിടിച്ചിരുന്ന പെങ്ങളെ രഘു വേദനയോടെ ഓർത്ത നാഴികകളുടെ നടത്തമുണ്ടെന്നാലും അങ്ങാടിയിൽ പോകുന്നത്
തനിക്കെന്നും ഹരമായിരുന്നു. റഘു ഓർത്തു.
കാരണം മറ്റൊന്നുമല്ല അന്നു ബാക്കികിട്ടിയ പൈസ കൂട്ടിവച്ച് ഗോട്ടി മേടിച്ച് പൂഴിമണ്ണിലിരുന്നു

കളിയ്ക്കാനായിരുന്നു. അന്നതിനോട് തോന്നിയിരുന്ന ലഹരി മറ്റൊന്നിനോടുമില്ലായിരുന്നു.

ഗ്രാമത്തിന്റെ അതിരിലായി അരു സിനിമകൊട്ടക ഉണ്ടായിരുന്നുവെന്ന് തന്റെ ഓർമ്മകൾ ചികിചികഞ്ഞപ്പോൾ രഘുവിന് കണ്ടെത്താനായി. അതിൽ അനങ്ങുന്ന രൂപങ്ങൾ കണ്ടുകൊണ്ടിരുന്നപ്പോഴൊക്കെ രഘുവിന് അത്ഭുതംതോന്നിയിരുന്നു. ഗ്രാമത്തിന്റെ ഐശ്വര്യമായി എന്നും പാർവ്വതിദേവിയും തോമാശ്ളീഹായും നിലകൊണ്ടു. എന്നും കാലത്ത് ചട്ടയും മുണ്ടുമുടുത്ത് തന്റെ കുടിലിന്റെ മുമ്പിലൂടെ യുവതികൾകടന്നുപോയിരുന്നു. മിക്കവരും മദ്ധ്യവയസ്കരായുരുന്നു. രഘുവിന്റെ അമ്മ അവരെ 'നസ്രാണിച്ചികൾ' എന്നു വിളിച്ചു. അതിനോടൊപ്പം തന്നെ രഘു നേര്യതുടുത്ത് കാവിൽ കുളിച്ചുതൊഴാൻ പോയിരുന്ന സ്ത്രീകളേയും കണ്ടു.

ചൂട്ട കാലമേറിയാൽ ആണുങ്ങൾ പുറന്തളത്തിൽകിടക്കും " ഹാ! സുഖകരമായ കിടപ്പ്" ആകാശത്തെ നക്ഷത്രങ്ങളായിരുന്നു അന്ന് അവരുടെ പുതപ്പ്. എന്നാൽ മഴക്കാലമായാൽ ചാണകം കൊണ്ടു മെഴുകിയ തണുത്ത തറയിൽകിടന്നിരുന്ന സുഖം മറ്റൊന്നിനുമില്ല ! പുതുമണ്ണിന്റെ സുഗന്ധത്തോടൊപ്പം അതിൽനിന്നുയർന്നിരുന്ന സുഗന്ധവും തലച്ചോറിനെ കുളിർമ്മയണിയിച്ചിരുന്നു.

മലനിരകളാൽ ചുറ്റപ്പെട്ടിരുന്ന ഇലവഴിഞ്ഞി ഒരു ഒറ്റപ്പെട്ട ഗ്രാമം കൂടിയായിരുന്നു. ഗ്രാമത്തിന് പുറത്തുകടക്കുന്നത് അപൂർവ്വങ്ങളിൽ അപൂർവ്വമായിരുന്നു. അന്ന് ആധുനികലോകത്തെ അത്യന്തം സ്നേഹിച്ചു.. ഇന്ന് അതിനെ വല്ലാതെ വെറുക്കുന്നു.

ഒരു പരുപരുത്ത, ദൃഢതയാർന്ന കയ്യ് തന്റെ മേലേയ്ക്ക് വീണപ്പോൾ രഘു ഞെട്ടിയുണർന്നു. നോക്കിയപ്പോൾ വേലക്കാരൻ റാമാണ്.

അവൻ പതിഞ്ഞ സ്വരത്തിൽ എന്തോ പറഞ്ഞു..ഉണകഴിക്കാൻ നേരമായി അങ്ങനെയെന്തോ എന്തായാലും രഘു വേണ്ടെന്നു പറഞ്ഞു. അപ്പോൾ റാമിന്റെ അടുത്തചോദ്യം കാലത്തെന്താവാം എന്ന്. അതിനുത്തരമായി ഒരു നിഗൂഢമായ ചിരിമാത്രമായിരുന്നി രഘുവിന്റെ കയ്യിൽ. ഒന്നും മനസ്സിലാവാതെ വേലക്കാരൻ തിരിച്ചുപോയി.

കാലത്ത് ചായക്കപ്പുമായി വന്ന റാം കണ്ടത് ഒഴിഞ്ഞകിടക്കയും അതിനടുത്ത മേശയിൽ ഒരു മടക്കിയ കത്തുമായിരുന്നു

ആട്ട കിടന്നിരുന്നിടത്ത് ഒരു പൂടപോലുമില്ല എന്ന പോലെ രഘുവുമില്ല അയാളുടെ സാധനസാമഗ്രികളുമില്ല.

ആള് ഇവിടംവിട്ടു അന്നുറപ്പാക്കി റാം കത്ത് വായിച്ചു അതിൽ ഇത്രമാത്രം എഴുതിയിരുന്നു

"പശ്ചിമമലനിരഘട്ടങ്ങളെ നിങ്ങൾക്കു വിട വേഴാമ്പലുകളെ നിങ്ങൾക്ക് അനശ്വരതയാർന്ന ഗ്രാമമെ നിനക്കും വിട ഞാനെന്റെ ഇലവഴിഞ്ഞിയെ തേടിപോകുന്നു. യാത്രാനുവാദങ്ങളില്ല യാത്രചൊല്ലലുകളില്ല. ഒന്നുമാത്രം, എല്ലാവർക്കും വിട മറക്കാനാവില്ലല്ലോ എനിക്കെന്റെ വേരുകൾ"

റാം കത്തുമടക്കി. തന്ക്ക് മനസ്സിലാവാത്തതിനുമപ്പുറമാണെന്ന് മനസ്സിലാക്കി അയാൾ അന്തിച്ചുനിന്നു. അന്താണ സംഭവിക്കുന്നതെന്നറിയാതെ

സാറാ മെർലിൻ എബ്രാഹം
8 എ

# ആസ്വാദനക്കുറിപ്പ്

**എന്റെ ഗ്രാമം**
**കാണാൻ മറക്കാത്ത കാഴ്ച്ചകൾ**

ഭൂമിയുടെ കാൽച്ചുവട്ടിൽ നിന്ന് ഉത്ഭവിച്ച മനോഹരപ്രകൃതി. പ്രകൃതിയിലെ ജീവജാലങ്ങളുടെ ആവാസകേന്ദ്രം.

എന്റെ ഗ്രമം എന്റെ ഗ്രാമത്തിന്റെ മനോഹാരിത എങ്ങനെ പറഞ്ഞറിയിക്കാനാവും ഹാ! എന്തു രസം

“തെയ്യാരോ തെയ്യ്താരോ
തെയ്യക്കം താരോ താരിരാരോ
തെയ്യാരോ തെയ്യാരോ,തെയ്
തെയ്യക്കം താരോ താരിരാരോ"

കൊയ്ത്തുപാട്ടുകളുടെ വായ്ത്താരികൾ ഏവരെയും ആകർഷിക്കുന്നതാണ്
വിശാലമായ വയൽ നിരകൾ ചെളിപൂണ്ടു കിടക്കുന്നതിനിടയിൽ ഞാറുനടുന്ന നടീൽക്കാർ

കാഴ്ചകളുടെ നിറനിമിഷങ്ങൾ പങ്കുവയ്ക്കുന്ന വയലുകൽ അവിടെ കുളിർകാറ്റത്ത് നൃത്തമാടുന്ന നെൽമമികൾ. അവിടെ കൊയ്ത്തുപാട്ടുകളുടെ ഈണവുമായി കൊയ്യുന്ന കൊയ്ത്തുകാർ അവരുടെ കൈന്റെയും കാലിന്റെയും ശക്തി അവർക്ക് ഒരു വരമാണ് ആരോഗ്യമായ ജീവിതം

പാവൽ പടവലം പയർ തുടങ്ങിയ പച്ചക്കറികളുടെ കൃഷി എന്നെ വളരെ ആകർഷിക്കും ഒരു വലിയ വല നാലു കമ്പുകളിൽ കെട്ടി അതിൻ മുകളിൽ പടർന്നു കയറിയിരിക്കുന്ന പടവലവും പാവലുമെല്ലാം കായ്ച്ചു കിടക്കുന്നതിനിടയിൽ ആടിതിമർന്നു കളിക്കുന്ന ചെറിയ മണ്ണിരകൾ

തെങ്ങിൻ തോപ്പുകളുടെ ഭംഗി ആകർഷകത്വം തുളുമ്പുന്നു. തേങ്ങാക്കുലകളുടെ നിർത്താതെയുള്ള ഊയലാട്ടവും രസകരമാണ്

വയൽ നിരകളുടെ ചെളികളങ്ങളിൽ പശുക്കൾ പുല്ല് ഭക്ഷിക്കുന്നതും
കിടാവുകൾ ഓടിനടക്കുന്നതും മനസ്സിന്റെ ആഴങ്ങളിൽ കുളിർ വർഷിക്കുന്നു കൊറ്റികൾ ഒരുമിച്ച് പാറിപിപറക്കുന്നു മനസ്സിന്റെ അഴങ്ങളിൽ സ്പർശിക്കുന്ന ഗ്രാമീണ ശൈലി അടങ്ങിയ എത്ര എത്ര കാഴ്ച്ചകൾ . അരുവികൾ, സ്നേഹത്തിന്റെ നിറകുടം, സ്നേഹത്തിന്റെ കാണാകാഴ്ച കളകളം പാട്ടു പാടി കുത്തിയൊലിച്ചു വരുന്നു. പച്ചപ്പുൽപുതപ്പുവിരിച്ച മലനിരകളുടെ ഇടയിൽനിന്ന് ഒരു ചീറ്റപുലിയുടെ വേഗതയോടെ വിഴുങ്ങാൻ വരുന്ന വെള്ളച്ചാട്ടം.

ഇതൊന്നും പോരാതെ ഗ്രാമീണപ്രദേശത്തെ ഒരു പ്രധാന കൃഷിരീതിയാണ് കന്നുകാലികൃഷി. വൈക്കോൽമേഞ്ഞപുരയിടങ്ങൾ നിരവധി. മനോഹരങ്ങളായ കുടിലുകൾ പെൺകുട്ടികൾ.

ശ്രീനന്ദന ടി. സ്
*7 എ*

# സുഹൃത്ത്

ഒരിടത്ത് ഒരു ജിങ്കൻകുറുക്കനും ചിജുകുറുക്കനും താമസിച്ചിരുന്നു. ഇവർ നല്ലകൂട്ടുക്കാരുമാണ്. ഒരു ദിവസം ജീങ്കൻ കൗശലം ഉപയോഗിച്ച് ഒരു ചെറിയ മുയലിനെ പിടിച്ചു ചിജുവിന് ചെറിയ മുയലിനെകണ്ട് ചിരിവന്നു അവൻ പറഞ്ഞു ഇതാണോകഴിക്കേണ്ടത് ഈ ചെറുതിനേ ' ജിങ്കന് ദേഷ്യം വന്നു. അവൻ വിശന്നിരിക്കുകയായിരുന്നു. "ഞാനല്ലേ ആ മുയലിനെ പിടിച്ചത് അപ്പോൾ ഞാൻ കഴിച്ചോളാം നീ കഴിക്കണ്ട 'ജിങ്കൻ പറഞ്ഞു. അങ്ങനെ അവൻ പിരിഞ്ഞു

ഒരു ദിവസം ചിജു ഇരതേടി നടക്കുകയായിരുന്നു. ആ സമയത്ത് ചിജു വേട്ടക്കാരന്റെ വലയിൽ കുടുങ്ങി. "അയ്യോ എന്നെ ആരെങ്കിലും രക്ഷിക്കണേ" അവൻ അലമുറയിട്ടു കരഞ്ഞു. ജിങ്കൻ ആ ശബ്ദം കേട്ട് അങ്ങോട്ട് ഓടി. എന്നിട്ട് ചിജുവിനെ രക്ഷിച്ചു. ഞാൻ അങ്ങനെ കളിയാക്കരുതായിരുന്നു. ജിങ്കൻ കഷ്ടപ്പെട്ട് എനിക്കും കൂടി വേണ്ടിയല്ലേ ഇര പിടിച്ചത്. ചിജു വിഷമത്തോടെ പറഞ്ഞു. "അതു സാരമില്ല സുഹൃത്തുക്കളുടെ ഇടയിൽ ഇങ്ങനെ പലതും സംഭവിക്കും. "ജിങ്കൻ പറഞ്ഞു. അങ്ങനെ അവർ പിരിയാത്ത കൂട്ടുകാർ ആയിത്തീർന്നു.

സർവ എം എസ്
7 എ

# പ്രളയം

മഴമേഘങ്ങൾ പൊട്ടി ചിതറുന്നു
മഴനീർതുള്ളികളല്ല കണ്ണുനീർ തുള്ളികൾ
മഴക്കിന്ന് ലാസ്യനൃത്തങ്ങളില്ല
ചടുലഭാവങ്ങൾ താണ്ഡവം മാത്രം
പ്രണയമായിരുന്ന മഴ ഇന്ന് പ്രളയമാണ്
ഭൂമിതൻ കണ്ണുനീരായ് നീ പതിക്കുമ്പോൾ
ഭൂമി മുഴുവൻ നീ വിഴുങ്ങിതുടങ്ങുന്നു
ഭൂമിക്ക് പകയുണ്ട് പ്രതികാര ബുദ്ധിയുണ്ട്

അവളുടെ മൂർത്തിഭാവം പ്രളയമാണ്
ഭൂമി അമ്മയാണ് , സാന്ത്വനമാണ്
അമ്മയക്ക് ഭാവം രൗദ്രമുണ്ട്, സ്നേഹമുണ്ട്
ഭൂമിതൻ മക്കളോട് ഭൂമിക്ക് വാത്സല്യമുണ്ട്
ഹീനമായ പ്രവർത്തികൾ കാണിച്ച മർത്ത്യന്
അമ്മതൻ സ്നേഹത്താൽ വിലക്ക് ഏൽപ്പിച്ചു
കേൾക്കാൻ നടിക്കാത്ത മർത്ത്യനോട്
അവൾ അലറി, മുന്നറിയിപ്പ് നൽകി
അന്ത്യത്തിൽ അവളുടെ രൗദ്രത്തിന്
ഇരയായപ്പോൾ നമ്മൾ
കാലം തെറ്റി പെയ്ത മഴയിൽ
ഓണം പോലും മാറി നിന്ന് പോയ്

മാവേലിയേ വരവേൽക്കാൻ മുങ്ങിത്താണ
പൂക്കളും സൗരഭ്യം നഷ്ടമായ
തുമ്പയും പൂലരിയും മാത്രം
ഇതാദ്യമായ് സ്നേഹത്തിന്റെ ഓണം
പ്രത്യാശയുടെയും കൂട്ടായ്മയുടെയും ഓണം
മർത്ത്യൻ പങ്കുവച്ചു.

പ്രളയം മർത്ത്യനിൽ സ്നേഹം വിതച്ചു
ശുഭാപ്തിയും പ്രത്യാശയും വിതച്ചു
മനുഷ്യർ മനുഷ്യനായ് മനുഷ്യത്വമുള്ളവനായ്
അവർ തമ്മിലറിഞ്ഞു സ്നേഹം പങ്കുവച്ചു

സമ്പന്നനും ദരിദ്രനും ഒരു കൂരയിൽ
ഒന്നിച്ച് കഞ്ഞി പങ്കുവച്ചു
വരും തലമുറക്ക് സ്മരണയിൽ ഒരു
സമൃദ്ധിയില്ലാത്ത ഓണമെങ്കിലും

വരും തലമുറക്ക് ഇത് സഹവർത്തിത്വത്തിന്റെ
സാഹോദര്യത്തിന്റെ രുചിയാണ്
സമഭാവനയുടെ പ്രളയം ഭൂമിപഠിപ്പിച്ചു
പാഠം ഒന്നായ് മനുഷ്യനിൽ കുറിച്ചു
വേര് മങ്ങിയ ഭൂമിയിൽ പുഴ
ആർത്തിരമ്പി പ്രളയം സൃഷ്ടിച്ചു

ഇത് മനുഷ്യനിൽ പുതിയ പാഠത്തിന്റെ
സമഭാവനയുടെ വേരുകൾ ജനിപ്പിച്ചു.

പ്രളയത്തിന് അതിർത്തിവരമ്പുകളില്ല
പുഴയ്ക്ക് പ്രതിരോധങ്ങളില്ല
മനുഷ്യമനസ്സിൽ ഇനിയും പ്രളയം
വിതയ്ക്കാൻ മനുഷ്യനേ സാധിക്കൂ

അരുണിമ ജയദേവൻ
*10 എ*

# ഉള്ളൂർ എസ് പരമേശ്വരയ്യർ

മലയാള ഭാഷയിലെ പ്രമുഖ കവിയും, പണ്ഡിതനുമായിരുന്ന മഹാകവി ഉള്ളൂർ എസ് പരമേശ്വരയ്യർ [1877 ജൂൺ 06–1949 ജൂൺ 15] ചങ്ങനാശ്ശേരിയിലെ പെരുന്നയിൽ താമരശ്ശേരി ഇല്ലത്താണ് ജനിച്ചത്. തിരുവനന്തപുരം ഉള്ളൂർ സ്വദേശിയായ പിതാവ് സുബ്രഹ്മണ്യ അയ്യർ ചങ്ങനാശ്ശേരിയിൽ സ്കൂൾ അധ്യാപകനായിരുന്നു. അമ്മ ചങ്ങനാശ്ശേരി സ്വദേശിനിയായ ഭഗവതിയമ്മ. അദ്ദേഹം പെരുന്നയിൽ തന്നെയാണ് ബാല്യകാലം ചെലവഴിച്ചത്. അച്ഛന്റെ അകാല മരണത്തെത്തുടർന്ന് അമ്മയോടൊപ്പം അച്ഛന്റെ നാടായ ഉള്ളൂരിലേക്ക് താമസം മാറി. ഉള്ളൂർ, കുമാരനാശാൻ, വള്ളത്തോൾ എന്നീ കവികൾ ഇരുപതാം നൂറ്റാണ്ടിന്റെ ആരംഭത്തിൽ മലയാളകവിതയിൽ കാല്പനിക പ്രസ്ഥാനത്തിനു തുടക്കം കുറിച്ചു ശ്രദ്ധേയരായി. സാഹിത്യ ചരിത്രത്തിൽ ഇവർ കവിത്രയം എന്നറിയപ്പെടുന്നു. കവി എന്നറിയപ്പെടുന്നു. കവി എന്നതിനുപുറമേ സാഹിത്യചരിത്രക്കാരൻ, ഭാഷാഗവേഷകൻ, ഉദ്യോഗസ്ഥൻ എന്നി നിലകളിൽ ഉള്ളൂർ പേരെടുത്തിരുന്നു. തിരുവിതാകൂർ സർക്കാരിന്റെ ചീഫ് സെക്രട്ടറിയായും സേവനമനുഷ്ഠിച്ചിട്ടുണ്ട്.
പ്രധാന കൃതികൾ ; ഉമാകേരളം [മഹാകാവ്യം],കേരള സാഹത്യ ചരിത്രം, കർണ്ണഭൂഷണം, പിങ്ഗള, ഭക്തിദീപിക, ഒരു മഴത്തുള്ളി[കവിത], തുമ്പപ്പൂവ്, കിരണാവലി, മണിമഞ്ജൂഷ, വിശ്വം ദീപമയം, ചിത്രശാല, തരംഗിണി, താരഹ, കല്പശാഖി, താരാഹാരം, അമൃതധാര

അലീന
9 എ

# അതിജീവനം

കുളിർ കാറ്റ് അവളുടെ തലമുടി ഇഴയിലൂടെ തെന്നിമാറുകയാണ്. അതിജീവനം എന്നത് അവളുടെ ഉള്ളിൽ ഇന്ന് ഒരു തീപ്പൊരി പോലെ ആളിക്കത്തുന്നവയാണ്. അവളുടെ മനതാരിൽ തെന്നിമറയുന്ന ചിന്തകൾ ഒരു കുളിർക്കാറ്റെന്നവണ്ണം ദൂരെയെങ്ങോ ഓടി മാറുകയാണ്. അച്ഛന്റെയും, അമ്മയുടെയും, തന്റെ കൊച്ചനുജന്റെയും ഓർമ്മകൾ അവളെ അലട്ടുകയാണ്. ഈ പ്രളയത്തിൽ ഒലിച്ചു പോയത് അവളുടെ ജീവിതം തന്നെയാണ്.ഒരു വയസ്സുമാത്രം പ്രായമുള്ള അവളുടെ അനുജനെ അവൾ എത്രമാത്രം ലാളിച്ചിരുന്നു.തന്റെ അച്ഛനും അമ്മയും തനിക്ക് തന്ന സ്നേഹം ഇനി എവിടെ നിന്നും കിട്ടുകയില്ല. അവൾ ചിന്തയിൽ മുഴുകിയിരിക്കവേ എവിടെ നിന്നോ ഒരു നാദം പുറപ്പെട്ടുവിക്കപ്പെട്ടു

"അമ്മൂ....അമ്മൂ... നീ അവിടെ എന്ത് ചെയ്യുകയാണ്?" അത് നളിനി ചേച്ചിയാണ് എന്താണ് ആവോ? എനിക്കിപ്പോ ചേച്ചി മാത്രമേ കൂട്ടായി ഉള്ളു.പ്രളയത്തിൽ ഒലിച്ചുപോയ എന്റെ അച്ഛന്റെയും അമ്മയുടെയും വാത്സല്യവും സ്നേഹവും എനിക്ക് ചേച്ചിയിലാണ് ഇപ്പോ കാണാൻ സാധിക്കുന്നത്.

ചേച്ചി എന്റെ അരികെ വന്നു " അമ്മു എന്താണ് പറ്റിയത്?" ഒന്നും പറ്റിയില്ല ചേച്ചി ഞാൻ ചുമ്മാ ഇരിക്കുവായിരുന്നു.. നീ വരൂ അവിടെ ഭക്ഷണം എത്തിയിട്ടുണ്ട് വന്നു കഴിക്കൂ..ചേച്ചി ഇതും പറഞ്ഞ് മടങ്ങി.എന്താണാവോ..? എനിക്ക് വിശക്കുന്നില്ല.എന്നാലും ചേച്ചിയെ പ്രീതിപ്പെടുത്തുവാനായി ഒരു പാത്രത്തിൽ ആഹാരം വാങ്ങി കഴിക്കുന്ന മട്ട് ഞാൻ നടിച്ചു.അമ്മേ എനിക്ക് ആഹാരം അമ്മയുടെ കൈകളിൽ നിന്നും വാങ്ങി കഴിക്കണമെന്നുണ്ട് പക്ഷെ എനിക്ക് സാധിക്കുന്നില്ല. അമ്മയുടെ ആത്മാവ് എന്റെ ഒപ്പമുണ്ടെന്ന് ഞാൻ
ചിന്തിച്ചുകൊള്ളാം. ആകാശത്തിൽ കത്തി ജ്വലിച്ചുകൊണ്ട് നിൽക്കുന്ന സൂര്യനെ...നീ എന്താണ് ഇത്രയും നാളും വരാതിരുന്നത്? എവിടെ മറഞ്ഞു പോയിരുന്നു? നീ വന്നായിരുന്നെങ്കിൽ ഈ അവസ്ഥ ഉണ്ടാകുമായിരുന്നോ? രക്ഷാപ്രവർത്തനത്തിന്റെ ആ വലിയ നാളുകൾ അന്ന് രാത്രി രക്ഷാപ്രവർത്തകർ വരുവാൻ ഒരു നിമിഷം കൂടി വൈകിയിരുന്നെങ്കിൽ ഇന്നു എന്റെ ജീവനും ഉണ്ടാകില്ലായിരുന്നു.വീട്ടിൽനിന്നും എവിടേക്കും ഓടി രക്ഷപ്പെടാൻ പറ്റാത്ത ആ നിമിഷം ഞാനും അമ്മയും എന്റെ കൊച്ചനുജനും എത്രമാത്രം കരഞ്ഞു. അച്ഛന്റെ അവസാന
ശ്വാസം പോകുന്നത് വരെ ഞങ്ങളെ രക്ഷിക്കുവാനായി അച്ഛൻ പോരാടി, എന്നാൽ അച്ഛനും പോയി. അമ്മുടേയും അനുജന്റേയും അവസാന ശ്വാസംപോകുന്നതും എന്റെ ഈ കൊച്ചു കണ്ണുകളിലൂടെ ഞാൻ കണ്ടു.എനിക്ക് ആശ്രയമായത് ജനാല പിടിയാണ്. അതിൽ തൂങ്ങി വലിഞ്ഞ് ഞാൻ നിന്നു. എത്ര ഭയാനകമായ നിമിഷങ്ങളായിരുന്നു അത്. പാത്രത്തിൽ ബാക്കി വന്നിരുന്ന ഭക്ഷണം ആരും കാണാതെ കളഞ്ഞിട്ട് കൈകഴുകി അവൾ ഒരുമരച്ചുവട്ടിൽ ഇരുന്നു.ഈ മരത്തിനെ പോലെ എന്നും താങ്ങും തന്ന എന്റെ അച്ഛനാണ് ഇപ്പോൾ ഒടിഞ്ഞ് വീണത്.എത്ര മനോഹരമായ യാമമായിരുന്നു അവരുടെ ഒപ്പം ഞാൻ ചിലവഴിച്ചത്.ഇനി അതിജീവിക്കണം എനിക്ക്.ഈ ദുരന്തം മറന്ന് അതിജീവിക്കുവാൻ തുടങ്ങുകയാണ് ഞാൻ.അത് അത്ര എളുപ്പമുള്ളതല്ല എന്ന് എനിക്കറിയാം.

സന്ധ്യാ യാമമായി തുടങ്ങി പക്ഷികൾ കൂട്ടുകളിലേക്ക് മടങ്ങുകയാണ്. ഇന്ന് വെളുത്ത വാവാണ് പൂർണ ചന്ദ്രൻ ആകാശമെത്തയിൽ നിവർന്നു കിടക്കുന്നു. ആ നിലാവിന്റെ കള്ള പുഞ്ചിരിയിൽ ഞാൻ അലിഞ്ഞു ചേർന്നു.നീ എന്താണ് എന്നോട് പറയുന്നത്? നിന്റെ നിലാവിന്റെമഹിമ പറഞ്ഞു കേൾപിക്കുകയാണോ. അതോ എന്റെ വിഷാദത്തിന്റെ കാരണം തിരക്കുകയാണോ? ഇനി മുന്നോട്ട് ഓരോ പടവുകളും കേറണമെനിക്ക്.അതിനായി സഹായഹസ്തം ഇനി നീ തരുമോ എനിക്ക്.ഞാൻ നിന്നിൽ വിശ്വസിക്കുകയാണ്. എന്റെ ജീവിതമാകുന്ന തിരശീലയിൽ നിന്ന് മൂന്ന് കഥാപാത്രങ്ങൾ മങ്ങി മറഞ്ഞിരിക്കുന്നു.ഇനി ഈ തിരശീലക്കുള്ളിൽ ആരൊക്കെ കടക്കുമോ ആവോ എനിക്കറിയില്ല.ഇവിടെ നിന്നും ഞാൻ എങ്ങോട്ടാണോ മടങ്ങുന്നത്.എല്ലാവർക്കും ഞാനൊരു തീരാദുഃഖമായി മാറുമോ? അതും എനിക്കറിയില്ല.

ആ പൂർണ്ണനിലാവിലേക്ക് എന്റെ കണ്ണുകൾ വീണ്ടും തെന്നി മാറി ആരോ എന്നെ അവിടേക്ക് മാടി മാടി വിളിക്കുന്നതു പോലെ. ആ വെട്ടിതിളങ്ങുന്ന ചന്ദ്രന്റെ അരികെ നിൽക്കുന്ന ആ മൂന്ന് നക്ഷത്രവും എന്നെ തന്നെ നോക്കുകയാണ്.അത് എന്റെ അച്ഛനും, അമ്മയും,അനുജനുമാണെന്ന് ഞാൻ കരുതുന്നു. പുഞ്ചിരിയോടെ ആ നക്ഷത്രങ്ങൾ എന്നെ നോക്കുകയാണ്. ചിലപ്പോൾ അമ്പിളി അമ്മാവന്റെ അരികെ നിന്ന് എന്നെ പറ്റി എന്തെങ്കിലും പറയുകയായിരിക്കും. ആ നക്ഷത്രം എന്നെ മോളെ എന്ന് വിളിക്കുന്നതുപോലെ തോന്നുകയാണ് എനിക്ക്. ആ വിളി എന്റെ അച്ഛന്റെയും അമ്മയുടേയും നാദം പോലെ തോന്നുകയാണ്.ഒരുനക്ഷത്രംവെട്ടിതിളങ്ങുന്നു. അത് ചിലപ്പോൾ എന്റെ അനുജൻ ആയിരിക്കും.

ചിലപ്പോൾചേച്ചിയെന്നുവിളിക്കാൻഅവൻവെമ്പൽകൊള്ളുന്നതായിരിക്കാം. അവരെല്ലാം എനിക്ക് അതിജീവിക്കാൻ കരുത്തേകുകയാണ്. "മോളെ നീ ധൈര്യമായി ഓരോ പടവും ചവിട്ടു"..
*ആരോ എന്റെ മനസ്സിൽ ഇങ്ങനെ ഓതുകയാണ്.*

*അൻസ സുനിൽ*
*10 ബി*

# പ്രളയം

തോരാതെയൊഴുകിടും പുഴതൻ
ഒഴുക്കിലേക്കെന്തിനെൻ ഉണ്ണീ
ചെന്നോടിയടുത്തു നീ
ഒരുവാക്കുംചൊല്ലാതെന്നെ തനിച്ചാക്കി

ഒരുതുള്ളിപലതുള്ളിയായി വീണടിഞ്ഞിടും
വർഷദുരന്തമതി ഭീകരം
കൂട്ടുകാരോടൊത്തുല്ലാസ വേളയിൽ
എന്നെ പിരിഞ്ഞു നീ പോയതെങ്ങോടാ

ചെയത പാപക്കറളിളക്കുവാൻ
വന്നെത്തിയ വെള്ളപ്പാച്ചിലിൽ
ഒലിച്ചു പോയതെന്നുണ്ണിതൻ
നനുത്ത പുഞ്ചിരി

കരയുന്ന കണ്ണുനീർവറ്റുകൾ
കാണാതെ അലയുന്നുവോഎന്നുണ്ണിദൂരെദൂരെ...
ഒഴുകുന്ന വെള്ളമർദ്ദനത്തിൻ പൊരിട്ടാ–
ലോലിച്ചു പാപികൾ നൽകി പ്രളയമെന്ന്.

അന്ന് നീ  പോയാപോക്ക് ഞാൻ
അറിഞ്ഞില്ല തേന്നൂറും അന്ത്യവിടയെന്ന്.
പൈതലേ പ്രളയത്തിൻ മന്ദഹാസ
അഗ്നിയിലേക്കെന്തിനു നീ പോയ് തീക്കനലായ്

എരിയുന്ന തീക്കനൽ വെട്ടം കെടുത്തുവാൻ
നിന്നമ്മയ്ക്കിനി കണ്ണുനീർ മാത്രം.
ഒറ്റപ്പെടുന്ന ഓരോ നിമിഷവും
നീ തുണയുണ്ടായിരിന്നീയമ്മയ്ക്ക് മുമ്പേ...
പ്രളയമെന്നാക്രോശിച്ച് പാഞ്ഞവർക്കായ്
നീ ബലിപുഷപമായ് മാഞ്ഞതെന്തേ....
ഗതിയില്ലാതൊഴികിടും കേരളജനതയ്ക്ക്
കൈത്താങ്ങിനായ് വന്ന മത്സ്യജിവനാക്കാർ

വിലയില്ലാ മാനുഷ്യർക്കിന്നീജിവനക്കാർക്കി–
വിടെ അഭിമാനമെന്ന ആർഭാഡം
മർത്ത്യന്നു ഇരുളിൻ വിഥിനൽകി
തിരുഞ്ഞൊന്നു നോക്കാതെ പാതതാണ്ടിയവർ....

അച്ഛനമ്മമാർക്കെല്ലാം വിഥിയെ
തരണവാക്കായ് മറക്കുവാൻഅറിഞ്ഞീടേണം
വിരൽത്തുമ്പു കെട്ടിനീയാടിയ സാരിയിൽ
മായാത്ത മറയാത്ത കറകൾപിടികൂടി

ഓമലേനിന്നമ്മഭൂമിയിൽ താനിച്ചായ്

മണ്ണിലും വിഹായസ്സിലും തനിച്ചായ്
ജിവിതവീചികളുടെ പടവിലും തനിച്ചായ്
ഏകയാകാതിനി നിന്നോർമ്മകളിൽമാത്രം.

ദൈവകരങ്ങളിലെ സമ്മാനമിതേതോ
വറ്റപുഴപോലൊഴുകിടും പ്രളയമോ
തോരാതെ പെയ്യുന്നമഴയാം വിദാഷമോ
ഉത്തരം തേടുന്നു നിന്നമ്മപോലെത്രയമ്മമാർ മരുപടിവാക്യത്തിനായ്

പ്രളയമാണെന്നുണ്ണിതൻ പുഞ്ചിരിസ്മ്രുതിതൻ
രൂപാന്തരരശ്മിയാക്കിമാറ്റിയത്.
നീയെന്നരികിലില്ലാത്ത ഒരോ നിമിഷവും
തള്ളി നീക്കുന്നു ഈ അമ്മ രാപ്പകൽ അങ്ങനെ

തുഴഞ്ഞു മറുകരതേടേണ്ട വഞ്ചികൾ
ഒറ്റയ്ക്കേ. കരയ്ക്കരികിലായ് ഏകം.
അതുപോൽതൻ പുത്രാനിന്നമ്മയാം
എന്നവസ്ഥയും ഏകാമായ് നീയില്ലാത്ത ജീവിതം പുഴവക്കിൽ

നീരുകൾ പറ്റി മണൽത്തരിയായ്
അവശേഷിച്ച നിൽപ്പതെൻതോണിയിന്ന്
തോണിജ്ജ്വലിക്കുന്ന നിൻഒർമ്മകൾക്ക്മുന്നിലായ്

ദീപികാ ശശി
*8 ഡി*

# നമ്മുടെ മാതൃഭാക്ഷ  മലയാളം

എല്ലാ ദേശവും അതിന്റെ ഭാഷകൊണ്ടും സംസ്കാരം കൊണ്ടും സമൃദ്ധമാണ്. ദൈവത്തിന്റെ സ്വന്തം നാടായ കേരളത്തില് മലയാളിയായ നമ്മുടെ ഭാഷ മലയാളമാണ്. ഓരോ കാലഘട്ടത്തിനും അനുസരിച്ച് ഭാഷയിലും അതിന്റെ ഘടനയിലും മാറ്റം വരുന്നത് നമുക്ക് കാണാൻ സാധിക്കും. നമുക്ക് മാതൃഭാഷ നമ്മുടെ അമ്മയ്ക്ക് സമമാണ്. കാലഘട്ടത്തില് ഉണ്ടാകുന്ന മാറ്റങ്ങളിലൂടെ മലയാളികളുടെ സംസ്കാരവും ഭാഷയും നശിക്കുന്ന ഒരു സമൂഹത്തിലാണ് നാം ജീവിക്കുന്നത്. ഈ യുഗത്തില് അമ്മയെപ്പോലെ കാണുന്ന മലയാളമാകുന്ന മാതൃഭാഷ സംസാരിക്കുന്നത്പോലും കുറച്ച് കാണുന്ന സമൂഹമാണ് ഇന്ന്. നമ്മുടെ നാട്പണത്തിനും പ്രശസ്തിക്കും പുറകെ സഞ്ചരിക്കുന്ന ഈ സമൂഹത്തില് മനുഷ്യൻ മണ്ണിനെയും മാതൃഭാഷയും മറക്കുന്നു എന്ന വലിയ സന്ദേശം നമുക്ക് കാണുവാൻ സാധിക്കും.സ്വന്തം മാതൃഭാഷ മലയാളമാണെന്ന് പോലും അറിയാത്ത ഒരു സമൂഹമാണ്ഇന്ന് വളർന്ന് വന്നുകൊണ്ടിരിക്കുന്നതത്. മലയാളിയായ നാം നമ്മുടെ മാതൃഭാഷ മറക്കുന്നത് സ്വന്തം അമ്മയെ മറക്കുന്നതിന് തുല്യമാണ്.

- നാം നമ്മുടെ പ്രകൃതിയെയും,മണ്ണിനെയും,സംസ്കാരത്തെയും,മാതൃഭഷയെയും മറക്കുന്നതിലൂടെ സ്നേഹത്തിന്റെയും ഐശ്വരത്തിന്റെയും നന്മയുടെയും നാടായ കേരളം ഇപ്പോള് നാശത്തിന്റെ വലയിലാണ്. കേരളത്തിന്റെ ഈ അറുപത്തിരണ്ടാം ജന്മ ദിനത്തില് നാം നമ്മുടെ മാതൃഭാഷയെ സ്നേഹിക്കുവാനും മലയാളമാണ് നമ്മുടെ മാതൃഭാഷ എന്ന് അഭിമാനത്തോടെ പറയുവാനും സാധിക്കട്ടേ എന്ന് ആശംസിക്കുന്നു.

അജയ് എൻ വിജയൻ,അർഷല് ജോയി
9c

# ഓർമ്മക്കുറിപ്പ്

കേരള കലാമണ്ഡലത്തിൽ നിറുകയിൽ
ഐശ്വര്യം ചാർത്തിയ പൊൻ പ്രഭാവമേ!
ജ്ഞാനപീഠപുരസ്കാരപട്ടിൽ പൊതിഞ്ഞ
അക്ഷരഖനിയുടെ ഉറവിടമേ!
പഴമയുടെ ലഹരി നുണയുവാൻ
വിദ്യാലയതിരുമുറ്റത്തെത്തുന്ന'മോഹമേ'
മലയാളഭാഷയുടെ സ്വപിതാവാം
എഴുത്തച്ഛൻ പുരസ്കാരം തിലകമായണിഞ്ഞവനേ......
നിൻ പ്രഭാപൂരം ലോകമെങ്ങും തിളങ്ങട്ടെ!
ഭൂമിയുടെ വിയർപ്പാം ഉപ്പിന്റെ സ്വാദുകൾ
കാവ്യസാഗരത്തിൽ ലയിപ്പിച്ച്
കവിതയുടെ മഞ്ജിമാപുരം സ്രുഷ്ടിച്ച വെളിച്ചമേ
നീ ജ്വലിച്ചാലും ആസ്വാദകമനതാരിൽ
നിൻ കീർത്തിയും പുരസ്കാരങ്ങളും
ഉയർന്നുജ്വലിക്കട്ടെ ഈ വിതാനത്തിൽ
വർഷങ്ങളു മാസങ്ങളും പിന്നിടുമ്പോൾ
പൈശാചികതവളരുന്നു ഈ അധപതിച്ച
ലോകത്തിന്റെ ഗതി മുന്നിൽ
കണ്ട നി ദീർഘദർശിയോ?
ഭൂമിയുടെ കാവൽചിതാവോ?
ഭൂമിയ്ക്കായി നീ എഴുതിയ ചരമഗീതം
ഭൂമക്കളുടെ വിലാപമായ് മാറിയല്ലോ
ഇതെന്തു കഷ്ടം! ഇതെന്തു ക്രൂരത
ഇതസഹനീയം തന്നെ! (2)

പേരറിയാത്തപെൺകിടാവായും
കുഞ്ഞേടത്തിയായും സ്ത്രീ
ആദരിക്കപെടേണ്ടവളാണെന്ന് നീ കല്പിച്ചുവല്ലോ?
പക്ഷെ വർണ്ണത്തിളപ്പിൻ ലോകം
ഇതെല്ലാം കാറ്റിൽ പറത്തിയല്ലോ?
പുത്തൻ സംസ്കാരവും, പുത്തൻ ആദർശങ്ങളും
നെഞ്ചോടു ചേർക്കുന്ന നൃജൻ താരങ്ങളെ
അഭിമാനത്തിന്റെയും, സംസ്കാരത്തിന്റെയും
മൂല്യം നിങ്ങളറിയുന്നില്ലോ?
മൈക്കലാഞ്ജലയോടു കവി മാപ്പിരന്നപോലെ
നൃജൻ താരങ്ങൾക്കുവേണ്ടി ഞാൻ മാപ്പ് ചോദിക്കുന്നു
എന്തിനും.....ഏതിനും...... നന്മയെ കണ്ടത്താത്തതിനും
മൂല്യസങ്കല്പങ്ങൾ കാറ്റിൽ പറത്തിയതിനും
കവിതയുടെ സർഗപ്രഭാമാം വിളനിലമേ!
മൂർത്തിരൂപമാം സാഹിത്യശില്പിയേ
മാപ്പ്! ഞങ്ങൾക്കു മാപ്പു തന്നാലും.

*ഷീന മാത്യു*
*അധ്യാപിക*

# പഴഞ്ചൊല്ലുകൾ

- എറിഞ്ഞകല്ലും പറഞ്ഞവാക്കും തിരിച്ചെടുക്കാനാവില്ല.
- അകലത്തെ ബന്ധുവിനേക്കാൾ അരികത്തെ ശത്രു നല്ലത്.
- അങ്ങാടിപ്പയ്യ് ആലയിൽ നിൽക്കില്ല.
- അടിതെറ്റയാൽ ആനയും വീഴും.
- അടിസ്ഥാനമുറച്ചേ ആത്രൂഢമുറയ്ക്.
- അണ്ണാൻ കുഞ്ഞും തന്നാലായത്.
- അധികമായാൽ അമൃതും വിഷം.
- അറയിലാടിയേ അരങ്ങത്താടാവൂ.
- ആകെ മുങ്ങിയിൽ കുളിരില്ല.
- ആന കൊടുത്താൽ ആശ കൊടുക്കരുത്.
- ആവശ്യങ്ങളാണ് സൃഷ്ടിയുടെ മാതാവ്.
- കാണം വിറ്റും ഓണം ഉണ്ണണം.
- ഉള്ളിലൊന്ന് നാക്കിലൊന്ന്കൈയിലൊന്ന്.
- ഉള്ളതുകൊണ്ട് ഓണം.
- ഉണ്ടവനറിയില്ല ഉണ്ണാത്തവന്റെ വിശപ്പ്.
- "ആശാനക്ഷരമൊന്നു പിഴച്ചാൽ അമ്പത്തൊന്നു പിഴയ്ക്കും ശിഷ്യന്. "
- ഒരു കൊമ്പിൽ പിടിച്ചാലും പുളിങ്കൊമ്പിൽ പിടിക്കണം.
- കുടം കമഴ്ത്തിവച്ച് വെള്ളമൊഴിച്ച പോലെ.
- ഞാൻ പിടിച്ച മുയലിന് മൂന്നു കൊമ്പ്.
- തന്നിഷ്ടം പൊന്നിഷ്ടം,ആരാന്റയിഷ്ടം വിമ്മിഷ്ടം.
- തത്തമ്മേ പൂച്ച പൂച്ച.
- നെല്ലിൽ പതിരും ചൊല്ലിൽ പിഴവും.
- പതിനെട്ടു വാദ്യവും ചൊണ്ടയ്ക്കു താഴെ.
- പതിരില്ലാത്ത കതിരില്ല.
- പണം കൊണ്ടെറിഞ്ഞാലേ പണത്തിൽ കൊള്ളു.
- സമ്പത്തു കാലത്തു തൈ പത്തു വെച്ചാൽ ആപത്തു കാലത്തു കാ പത്തുതിന്നാം

എസ്തേർ
9 ബി

# എന്റെ ഗ്രാമം

നമുക്കെല്ലാവർക്കും ഒരു ഗ്രാമമുണ്ട്. ചങ്ങമ്പുഴ കൃഷ്ണപിള്ളയുടെ എന്റെ ഗ്രാമം എന്ന കവിതയിൽ പ്രധാനമായും പറയുന്നത് ഒരു ഗ്രാമത്തെക്കുറിച്ചാണ്. മകരമാസത്തിലെ മഞ്ഞിൻ കണങ്ങളെ തഴുകിതലോടിക്കിടക്കുന്ന പുൽമേടുകൾ കലപില ശബ്ദമായി നമ്മെ ഉണർത്തുന്ന കിളികൾ, അവയ്ക്കുമുണ്ട് മനോഹാരിത.ഇന്നത്തെപ്പോലെ അന്ന് ടാറിട്ട റോഡില്ല,വൈദ്യുതിയില്ല, സിമന്റിട്ട വീടുകളുമില്ല. മൺപാത,കുഗ്രാമം,ഓലമേഞ്ഞുള്ള കുരകൾ ഇതെല്ലാമായിരുന്നു അന്ന്.കൊച്ചുവയൽ വരമ്പുകൾ,വയലേലകൾ,പച്ചപ്പട്ടുവിരിച്ചതുപോലെകിടക്കുന്നു.ഒരു വീട്ടിൽ അടുപ്പു പുകഞ്ഞ്കഴിഞ്ഞാൽ, അപ്പുറത്തെവീട്ടിലേക്കും കുറച്ച് നൽകും അന്നാരും തിന്നുകൊണ്ടിരുന്നത് വിഷമടിച്ച പച്ചക്കറികൾ അല്ല. സ്വന്തം വിയർപ്പാൽ ഉണ്ടായ സാധനങ്ങളായിരുന്നു.പരസ്പര സനേഹത്തിന്റെ നാട്.ബാല്യത്തിൽ ശരിക്കും ആസ്വദിച്ച് ജീവിക്കുക.പിന്നീട് വളർന്ന് വലിയ നിലയിലെത്തുമ്പോൾ അത് നമ്മുക്ക് തിരിച്ച് കിട്ടില്ല.

മാളവിക സുരേഷ്
6 ബി

# പ്രിലിമിനറി ക്യാമ്പ്













# ലോകേമേ യാത്ര

സിസററർ മേരി ബനീഞ്ഞ എന്ന തൂലികനാമത്തിലറിയപെടുന്ന മേരി ജോൺ തൊട്ടത്തന്റെ വളരെ പ്രസിദ്ധമായ കവിതശകലമാണ് 'ലോകേമേ യാത്ര' എന്നതുമനുഷ്യജീവിതത്തിലെ ഒരു പ്രധാനപ്പെട്ടതും ദുഃഖമേറിയതും ഒപ്പം അവസാനത്തെ നിമിഷവുമായ മരണത്തെയും വിശേഷിപ്പിക്കുന്ന ഒന്നാണ്.പ്രസിദ്ധാൻമാരുടെ മഹിമകൊണ്ടോ വിജ്ഞാനംകൊണ്ടോ കാലചക്രത്തെയൊ ജീവിതത്തിന്റെ നിത്യസത്യമായ മരണത്തെയോ മറികടക്കാൻ കഴിയില്ല.വിജ്ഞനിയരും തത്വജ്ഞാനികളും വിട്ടുപിരിഞ്ഞങ്കിൽ നമ്മുടെ അവസഥ അതു തന്നെ."ഇഹത്തിലെ ധനം സുഖം യശ്ശസും ആഭിജാത്യവും വഹിച്ചു കൊണ്ട് പോകയില്ല മർത്യന്റെ അന്ത്യയാത്രയിൽ.അഹന്തകൊണ്ടഴുക്ക പറ്റിടാത്ത പൂണ്യമായ ജീവിതംതന്നെ മഹത്തരം പ്രയോജനപരത്തിലും വരുത്തിടും".എന്ന് കവയത്രി പറയുന്നു.ഈ ലോക ജീവിതത്തിൽ സുഖത്തിൽ മാത്രം മുഴുകി ജീവിക്കുന്നവന്റെ അവസഥ വിവരിക്കുന്നുണ്ട് .മരണം എന്നും അപ്രവചനീയമാണ്.എങ്കിലും ഒരിക്കൽ അത് ഫലിക്കും .ആ സമയത്ത് ഏകനായി മടങ്ങേണ്ടി വരും.നാം ഇങ്ങോട്ട്എങ്ങനെ വന്നോ അതുപോലെമടങ്ങേണ്ടി വരും .സാധാരണക്കാര്യങ്ങൾ കാവ്യാത്മകമായി ചിത്രീക്കരിക്കാൻ കവയത്രിക്ക്സാധിച്ചു.

ക്രിസ്റ്റോ തങ്കച്ചൻ
9 ബി

# അടിയൊഴുക്ക്

ഓർത്തിരിക്കാൻ ഒരു കരച്ചിൽപോലും ബാക്കിവയ്ക്കാതെ അവൻ പോയി.

പേമാരി തകർത്ത് പെയ്തുതോർന്ന ഒരു ദിവസം കൂട്ടുകാരോടൊത്ത് കളിയ്ക്കാൻ പോകാൻ അമ്മയുടെ അനുവാദം ചോദിച്ച് കരയുന്ന അപ്പു കൈതവ് നിഴലിക്കാത്ത ആ കുഞ്ഞുകണ്ണിലാണോ മാരി പെയ്യുന്നത് എന്ന സംശയഭാവത്തോടെ നിൽക്കുകയാണ് അമ്മ.

"നേരത്തെ തിരിച്ചെത്തണം വൈകരുതേ കുട്ടീ"അമ്മ പറഞ്ഞു. കാർമേഘമാല കാറ്റടിച്ച പറന്ന് മാറി വെയിലുതെളിഞ്ഞപോലെ അപ്പുവിന്റെ മുഖം ഒന്ന് മിന്നി.

"സൂക്ഷിച്ചൊക്കെ നടക്കണേ" എന്ന് പറഞ്ഞ് തീരും മുമ്പേ ചീറ്റപ്പുലിയേക്കാൾ വേഗത്തിൽ അപ്പു ഓടി അകന്നു. കാലചക്രത്തിന്റെ കണക്കിൽ അത് അവസാനയാത്രയാണെന്ന് ആരും വിചാരിച്ചില്ല.

പത്തു വയസ്സുണ്ടെങ്കിലും അഞ്ച് വയസ്സുള്ള കുട്ടിയുടെ ആരോഗ്യമേ ഒള്ളൂ അപ്പുവിന്.

ജീവിതത്തിന്റെ പാതയിൽ പാതിവഴിയിൽ അമ്മയെ തനിച്ചാക്കിപോയതാണ് അപ്പുവിന്റെ അച്ഛൻ. പറയാൻ തക്ക ബന്ധുക്കളും സ്വന്തക്കാരും ഇല്ലാത്തതിനാൽ തയ്യൽ പഠിപ്പിച്ച് കിട്ടുന്ന വരുമാനത്തിൽ ഒരു ചെറുകൂരയിൽ ഒതുങ്ങിക്കൂടുകയാണ് അപ്പുവും അമ്മയും.

പിഞ്ഞിക്കീറിയ ഷർട്ടും, ശക്തിതുണയ്ക്കാത്ത ശരീരവും ആണെങ്കിലും അപ്പുവിന്റെ പുഞ്ചിരി മതി ഇരുട്ടിന് വെളിച്ചമാകാൻ.

പടിഞ്ഞാറ് ചെങ്കുങ്കുമപ്പൊട്ട് പാതിയേ കാണാനാകുന്നുള്ളൂ. മകന്റെ വരവുകാത്ത് ഉമ്മറത്തിണ്ണയിൽ ദൂരേയ്ക്ക് കണ്ണും നട്ട് ഇരിക്കുകയാണ് അമ്മ.

വീട്ടിലേയ്ക്ക് ആരോ ഓടിക്കിതച്ച് വരുന്നുണ്ട് അമ്മ ഇരുന്നിടത്തുനിന്ന എഴുന്നേറ്റു. "എന്തേ ഉണ്ണീ? എന്തുണ്ടായി?" ഓടിക്കിത്ച്ചുവന്ന ഉണ്ണിക്ക് ഒരു പാത്രം നിറയെ വെള്ളം കൊടുത്തുകൊണ്ട് അമ്മ ചോദിച്ചു. "മ്മടെ പൊഴേല്...........അപ്പു" സങ്കടം കാരണമോ കിതപ്പുകാരണമോ ഉണ്ണിയുടെ വാക്കുകൾ മുറിഞ്ഞുപോയി. ഇഷ്ടിക ഇടിഞ്ഞു മാറിയ ചവിട്ടുപടിയിൽ ചവിട്ടി അമ്മ തുടങ്ങിയ ഓട്ടം പുഴക്കരയിലെത്തിയിട്ടാണ് നിന്നത്.

നാട്ടുകാരെല്ലാം, ആബാലവൃദ്ധം പുഴക്കരയിൽ ഒത്ത് കൂടിയിട്ടുണ്ട്. അമ്മ വന്നപ്പോൾ ആ നാട്ടുക്കൂട്ടത്തിന്റെ ഇടയിൽ ഒരു വിടവുണ്ടായി. അമ്മ ആ വഴിയിലൂടെ നടന്ന് മുമ്പിലെത്തി. പിന്നെ തളർന്നപോലെ ഒരു നിൽപ്പായിരുന്നു. ഇടിമുഴക്കത്തിനൊത്ത ശബ്ദത്തോടെ ഇടനെഞ്ച് പൊട്ടി അമ്മ വിളിച്ചു "അപ്പൂ.........."

അപ്പുവിന്റെ ചേതനയറ്റ് കിടക്കുന്ന ശരീരത്തിൽ പുഞ്ചിരി അഴക് വിരിച്ചില്ല. പിഞ്ഞിക്കീറിയ ഷർട്ട് പുഴയുടെ ഓളങ്ങളിൽ ഊഞ്ഞാലാടി. അമ്മ ഓടിച്ചെന്ന് അവന്റെ അരികിലിരുന് നനവു തങ്ങിനിൽക്കുന്ന മുഖത്തെ തന്റെ മാറോട് ചേർത്ത് പിടിച്ച് അമ്മ വിങ്ങിപ്പൊട്ടി. "പോവണ്ടാന്ന് പറഞ്ഞതല്ലേ മോനേ......അപ്പൂ....". ഹൃദയം തകർന്ന് ആ അമ്മ അപ്പുവിനെ കോതിതീരെ ഉമ്മവച്ചു.

കുറച്ചു സ്ത്രീകൾ അമ്മയെ പിടിച്ചെഴുന്നേൽപ്പിച്ചു. 'കൂട്ടുകാർക്കൊപ്പം പൊഴേല് കുളിക്കാനിറങ്ങീതാ, അടിയൊഴുക്ക് ഒണ്ടാർന്നെന്ന് ഓർത്ത് കാണീല കുട്ട്യോള്. "നാട്ടുകാരാരോ പറഞ്ഞു. തീരേണ താമസം കാൽച്ചുവട്ടിൽ നിന്ന് ഭൂമിയകന്നു മാറിയത്പോലെ അമ്മ തലച്ചുറ്റി വീണു. പാതിയടഞ്ഞ കണ്ണുകളിൽ

നിന്നും തുള്ളിക്കൊരുകുടം പോലെ പെയ്ത വർഷധാരയെ തന്റെ സാരിത്തുമ്പുകൊണ്ട് തുടയ്ക്കാൻ ആ അമ്മ ശ്രമിച്ചില്ല. അത്രക്കു തളർന്നിരുന്നു ആ കരങ്ങൾ. വേപഥുവാർന്ന അധരങ്ങൾ അപ്പോഴും മന്ത്രിച്ചു "അപ്പൂ...അപ്പൂ....മോനേ......"

ബോധം വീണപ്പോൾ നാട്ടുകാരെല്ലാം തന്റെ കുട്ടിയെ പായിൽ പൊതിഞ്ഞെടുക്കുന്ന കാഴ്ചകണ്ടു പെറ്റവയറിന്റെ രോദനം ആ പുഴനിറയെ പ്രതിധ്വനിച്ചു. ഇടറിയ കാലടികളോടെ ഓടിയെത്താൻ ശ്രമിച്ചെങ്കിലും തട്ടിത്തടഞ്ഞുവീണു. നനഞ്ഞു കുതിർന്ന അപ്പുവിന്റെ ശരീരം കണ്ണിൽ നിന്നു മറയുംവരെ അമ്മ അവനെ തന്നെ നോക്കിനിന്നു.

തളർന്നു കിടന്ന അവരുടെ മനസ്സിലേയ്ക്ക് പേറ്റുനോവിന്റേയും, പിഞ്ചിളം വിരലുകളുടേയും ബാലചാപല്യങ്ങളുടേയും, ജീവനറ്റ ഒരമ്മയുടെ സ്വപ്നങ്ങളുടേയും ഓർമ്മ അലയടിച്ചു. ഭ്രാന്തുപിടിച്ച ഒരു സ്ത്രീയെപ്പോലെ അവർ ചങ്ക്പൊട്ടി ഒന്നൂടെ വിളിച്ചു "അപ്പൂ............"

"പോട്ടെ സരസൂ,ദൈവം അവനത്രേ ആയുസ്സേ കൊടുത്തിട്ടൊള്ളു എന്നീരിച്ച് സമാധാനിക്ക്." ഒരു അയൽക്കാരി പറഞ്ഞു.

അടിയൊഴുക്കുള്ള പുഴയുടെ ആഴങ്ങളിലേയ്ക്ക് ഇറങ്ങിപ്പോയെങ്കിലും വീട്ടുകാരുടേയും നാട്ടുകാരുടേയും മനസ്സിൽ അപ്പുവിന്റെ പുഞ്ചിരി തങ്ങിനിന്നു.

അപ്പോഴും പുഴയേക്കാൾ അടിയൊഴുക്കുണ്ടായിരുന്നു അമ്മയുടെ കണ്ണീരിന്...............

ഐശ്വര്യ ലക്ഷ്മി
8 ഡി

# അമ്മ

ഒരിടത്ത് ഒരു പാവപ്പെട്ട അമ്മയും മകനും താമസിച്ചിരുന്നു. അമ്മയ്ക്ക് കണ്ണ് കാണാൻ കഴിയില്ലായിരുന്നു. മകനെ സ്കൂളിൽ കൊണ്ടുവിടാൻ അമ്മ വരുമ്പോൾ കുട്ടികൾ പൊട്ടിയുടെ മോൻ എന്ന് വിളിച്ച് കളിയാക്കുകയായിരുന്നു. ഇത് കേട്ട് ആ അമ്മയും മകനും ഏറെ സങ്കടപ്പെട്ടു. അങ്ങനെ നാട്ടുക്കാരുടെയും കുട്ടികളുടെയും പരിഹാസം എല്ലാം സഹിച്ച് അവർ ജീവിച്ചു.

ഒരിക്കൽ ഈ മകൻ ഒരു പെണ്ണിനെ സ്നേഹിച്ച് വിവാഹം കഴിക്കുകയും ചെയ്തു. മകൻ കല്യാണം കഴിച്ചുകൊണ്ടുവന്ന പെണ്ണ്ന് അമ്മയെ ഇഷ്ടമല്ലായിരുന്നു. അവർ ആ സാധുവായ അമ്മയെ ഉപേക്ഷിച്ച് മാറി താമസിച്ചു എന്നാൽ ഇതിലൊന്നും ആ അമ്മ തളരാതെ അവർക്കു നല്ലതുവരാൻ വേണ്ടി മാത്രം പ്രാർഥിച്ചു. ഒരിക്കൽ ഈ അമ്മ കിടപ്പിലായി. ഈ സമയം അവരോരു കത്തെഴുതി തന്റെ മകൻ വരുമ്പോൾ കൊടുക്കണമെന്ന് പറഞ്ഞേൽപ്പിച്ചട്ട് ആ അമ്മ യാത്രയായി.
അമ്മയുടെ മരണവാർത്ത അറിഞ്ഞെത്തിയ മകന് അമ്മ തന്ന കത്താണെന്നു പറഞ്ഞ് കൊടുത്തു. മകൻ ആ കത്ത് വായിച്ചുകഴിഞ്ഞപ്പോൾ ആ മകൻ പൊട്ടിക്കരഞ്ഞു. ആ കത്തിലെഴുതിയത് ഒരിക്കൽ നമ്മളെല്ലാവരും ഒത്ത് യാത്രപോയപ്പോൾ അപ്രതീക്ഷിതമായി ഒരു അപകടം ഉണ്ടായി ആ അപകടത്തിൽ നിന്റെ അച്ഛൻ മരിക്കുകയും ചെയ്തു നിന്റെ രണ്ടു കണ്ണുകളിലും കമ്പികൾ കുത്തി തയറി. പല ആശുപത്രിയിൽ ചെന്നപ്പോൾ ഉടൻ തന്നെ കണ്ണുകൾ വേണമെന്ന് പറഞ്ഞു. എന്റെ മകന്റെ ഭാവിയെ കുറിച്ചോർത്ത് ഞാനേ നിനക്ക എന്റെ രണ്ടു കണ്ണുകൾ ദാനം നൽകി ആ കണ്ണുകൾ കൊണ്ടാണ് ഇന്നും നീ ജീവിക്കുന്നത് ആ മകൻ പൊട്ടിക്കരഞ്ഞുകൊണ്ട് ആ അമ്മയെ കെട്ടിപ്പിടിക്കുകയും ഉമ്മ കൊടുക്കുകയും ചെയ്തു

അമ്മ എന്നത് മഹത്തായ് ഒന്നാണ് അതിനെ നാം ഒരിക്കലും ഉപേക്ഷിക്കുകയോ വെറുക്കുകയോ ചെയ്യരുത്

യാമിനി കെ എസ്
9 സി

# ജന്മസായൂജ്യം

വിശാലമാം ഭുവനം തൻ
മടിത്തട്ടിൽ തലചായ്ക്കുന്നേരം
നിർവൃതി പൂണ്ടെൻ അന്തഃരംഗം
ആനന്ദക്കടലാകുമെൻ ചിത്തം

അനന്തമാം വിഹായസ്സിൽ
പറിക്കളിച്ചുല്ലസിക്കാൻ
മോഹിക്കുന്നെന്നുള്ളം
ആഹ്ലാദത്തിമിർപ്പോടെ

പ്രകൃതിരമണീയത കവിഞ്ഞൊഴുക്കും
അനുഗ്രഹീത കാനനഭംഗിയിൽ
ഓടിത്തിമിർത്തട്ടഹസിച്ചു
ല്ലസിക്കുവാൻ ആഗ്രഹം

കളകളാരവത്തിൻ ഉറവിടമാം
ജലാശയങ്ങൾ തൻ അഗാധ
നീന്തിത്തുടിച്ചാ ഘോഷിക്കാൻ
ആശയോടെ നോക്കിപ്പാർക്കുന്നു

വിസ്തൃതമാം ഈ ഉലകത്തിൽ
ആശ താൻ സമുദ്രങ്ങൾ
അലയടിച്ചുയരുന്നു
ആനന്ദസാക്ഷാത്കാരത്തിനായ്

ഒന്നിനു പുറകെ ഒന്നൊന്ന വിധത്തിൽ
ഓടി ക്കളിക്കുന്നിവ കുമിളകൾപോൽ
ഒരായിരം തവണ എത്തിനോക്കുന്നെൻ
ഓർമ്മ തൻ ചെപ്പിനുളളിൽ

പോയ്മറയും ഇടവേളകളിൽ
മധുരസ്മരണകൾ തൻ ഈറ്റില്ലത്തിൽ
അഭിമാനപുളകത്താൽ
സായൂജ്യമണയുന്നു ഞാൻ

രേഖാമോൾ ജോഷി
അധ്യാപിക

# കഴിഞ്ഞ കാലം കൊഴിഞ്ഞപീലി

ഇടവംപാതികഴിഞ്ഞല്ലോ
ഇടവപ്പെയ്ത്തുകളെവിടെപ്പോയ്?
മാനത്തിന്റെ പൊന്തക്കാട്ടിൽ
മാരിക്കാറുകൾ നിദ്രയിലോ?
വരുണനെയെന്തേകാണ്മീലാ?
വരുവതിനെന്തൊരു ആലസ്യം?
മറ്റൊരു നാട്ടിൽ പാർക്കാൻപോയോ?
മുക്കുറ്റി വീടിനെ മറന്നുപോയോ ?

അപർണ രാജു
8 ഇ

# നിയെന്തേ വരാത്തത്?

“ഞാൻ വരുന്നില്ല എന്നാല്ലേ പറഞ്ഞത് " ദിയ ആദ്യമായാണ് ദേഷ്യപ്പെടുന്നത് അതും ഞങ്ങളോട് അവള്ടെ മുഖമാകെ ഒരു നിശാകാശമനോഹാതിതയാണ്. നക്ഷത്രനയനങ്ങളും, തേങ്ങാപ്പൂളമ്പിളിച്ചിരിയും മേഘം പോലെ തുടുത്ത കവിളും...

രണ്ടു ദിവസം മുമ്പവൾ സ്കൂക്കളിൽ വന്നില്ല "നീയെന്തേ വരാതിരുന്നത് "എന്നു ഞങ്ങൾ മാറിമാറി ചോദിച്ചിട്ടും അവളുടെ മൗനമല്ലാതെ മറുപടിയായി ഒന്നും ലഭിച്ചില്ല. തുടരെത്തുടരെ ചോദിച്ചപ്പോൾ ദേഷ്യപ്പെട്ടു. പിന്നെ ഒറ്റക്കിരിന്നു തേങ്ങിക്കരഞ്ഞു. ഒന്നും മനസിലായില്ല എങ്കിലും നക്ഷത്രക്കണ്ണുകളിൽ നിന്നും ഉതിർന്ന മഴ ഒരസ്ത്രം പോലെൻ നെഞ്ചിൽ തറച്ചു.

പതിവുപോലുച്ചക്ക് ഭക്ഷണം കഴിക്കാൻ വിളിച്ചപ്പോളാണവൾ ദേഷ്യപ്പെട്ടത്. എട്ടുത്തുചാട്ടക്കാരിയായ ശിതൾ അവളോട് വഴക്കിടാൻ പറഞ്ഞു. തന്റെ അമ്മയെ പറ്റി വാതോരാതെ സംസാരിച്ച് ഒപ്പം. ഇരിന്ന് ഭക്ഷണം കഴിക്കാറുള്ളവൾ ഇന്ന് ഒന്നും കഴിച്ചില്ല. അതിനു ദേഷ്യമുണ്ടെങ്കിലും, അറിയാമായിരുന്നു ഒന്നാണ് യഥാർത്ഥ കൂട്ടുകാർ തമ്മിലുള്ള പിണക്കം

പിറ്റേ ദിവസം ഞങ്ങൾ അവളുടെ വീട്ടിൽ പോയി. ഇല്ലായ്മയിലും അവൾ ഞങ്ങളെ ഹൃദയത്താൽ സ്വീകരിച്ചിരുത്തി

കടൽ തിരമാലകളുടെ ഇരമ്പം കാതിൽ അലയടിക്കുന്ന അവളുടെ വീടും പരിസരവും ചുറ്റിനടന്നു. “നീയെന്തേ വരാത്തത് " അപ്പോഴും ഞങ്ങൾ ചോദിച്ചു. അവൾ വിഷയം മാറ്റി "ഊണ്കഴിക്കാം" എന്നായി.

പതിവുംതെറ്റി. അന്നവളുടെ അമ്മയുണ്ടാക്കുന്ന രുചിയുള്ള മുളക് ചമ്മന്തി കിട്ടിയില്ല.

എല്ലാവരും പിരിഞ്ഞുപോയി. ഞാൻ അവിടെ നിന്നു "നിയെന്തേ നരാത്തത്. ഞാൻ ചോദിച്ചു. ഞാൻ അത് പറഞ്ഞാൽ നീയും വിഷമിക്കും എന്ന ഭാവത്തിൽ എന്നെ ഒന്ന് നോക്കിയിട്ട് അവൾ കടൽ തിരത്തേക്കോടി. “ഒറ്റക്ക് നിൽക്കുന്നതെന്തേ? ” എന്ന എന്റെ ചോദ്യത്തിന് ഒറ്റക്കല്ലേ വന്നത് "ഒറ്റക്ക് തന്നെ പോകണ്ടേ" എന്ന മറുപടി നൽകി. ഞാൻ ചോദിച്ചതിന് ഉത്തരമോ അതോ എന്നോടുള്ള പുതിയ ചോദ്യമോ. മനസിലായില്ല.

അവൾ പിന്നിലേക്കു നോക്കി. കടലൊന്നാടിച്ചാൽ തകരാവിന്ന വീട്. മരണം മാടിവിളിച്ചു കൊണ്ട് തളർന്നു കിടക്കുന്ന അച്ഛൻ. ബാലചാപല്യങ്ങൾ വിട്ടുമാറാത്ത അഞ്ച് സഹോദരിമാർ. അപ്പോൾ ഞാൻ കണ്ടു നക്ഷത്രനയനങ്ങളിൽനിന്ന് മഴയുതിർന്ന മേഘങ്ങളിലൂടൊഴുകുന്നത്.

കടലിൽ നിന്നും മന്ദം,മന്ദം വിശിയ ഇളം കാറ്റിന് ഒരു ഗന്ധമുണ്ടായിരുന്നു ഏകാന്തതയുടെ ഗന്ധം. ഞങ്ങളെ തഴുകി ആ കാറ്റ് നേരേ പോയത് നാലു ദിവസം മുമ്പ് കത്തിയമർന്ന അവളുടെ അമ്മയുടെ ചിതയിലെ ചാരം പറത്താനായിരുന്നു. അവൾ നടന്നകന്നു ആ പാദം പതിച്ച മണൽതരികൾ തപിച്ചു പോയി

ഏകയായി തീർന്ന അവളുടെ അമ്മ മാനത്തിരിന്ന് ക്ഷണിച്ചതിനാലാവാം ഒരുനാൾ കടൽതീരത്ത് നിന്ന അവളുടെ കാലിൽ താരമാലകൾ ചുറ്റിയത്. ഒരു കാലൻ പെരുമ്പാമ്പ് കണക്കെ പിന്നെ ചോദിക്കേണ്ടി വന്നില്ലാ

“നീയെന്തേ നരാത്തത് " എന്ന് അവൾ പോയി എന്നെന്നേയ്ക്കുമായി പേമാരി പെയ്തു തോർന്ന പൊയ്കപോലെ നിറഞ്ഞ മിട്ടികൾ അവളുടെ ആതമാവിനോട് യാത്ര പറഞ്ഞു. അപ്പോഴും ആ നിശാകാശമനോഹാരിത ഞങ്ങളുടെ മനസിൽ മായതെ കിടന്നു...............................

ഐശ്വര്യ ലക്ഷമി
8 ഡി

# പഠനക്കുറിപ്പ്

## മേഘങ്ങൾ

ആദിമകാലഘട്ടങ്ങളിൽ തന്നെ മനുഷ്യനെ ആകർഷിച്ച, മനുഷ്യന്റെ അന്വേഷണത്വരയ്ക്ക് പ്രേരണയായ ഒരു വസ്തുതയാണ്. നക്ഷത്രങ്ങൾ. എന്നാൽ അതിലും താഴെ ഒരു പഞ്ഞികെട്ടു പോലെ വ്യപരിച്ച് കിടക്കുന്ന മേഘങ്ങളെ ആരും വെറുത്തട്ടില്ല. അവ അത്യന്തം രസകരമായിരിക്കണ അന്തരീക്ഷത്തിലെ നേർത്തപൊടി പടലങ്ങളെ ക്രേന്ദീകരിച്ച് നിരാവി ഘനീഭവിച്ചാണ് മേഘം ഉണ്ടാകുന്നത്. ആകാശത്തിലെ വിവിധതരം മേഘങ്ങളിൽ ഉണ്ടാകാറുമ്ട്. മേഘങ്ങളിൽ രൂപംകൊള്ളുന്ന ജലകണികകളുടെ വലിപ്പം 0.001 cm ആണ്. അതിനാൽ അതിന് ഭൂഗുരുത്വാകർഷണശേഷിയെ അതിജീവിക്കാൻ അതിന് കഴിയും. അതിനാലാണ് മേഘങ്ങൾ താഴേക്ക് ചതിക്കാതെ അന്തരീക്ഷത്തിൽ തങ്ങിനിൽക്കുന്നത്. അവയെ വ്യക്തമായി പറഞ്ഞാൽ പലതരത്തിലും വിവേചിച്ചിട്ടുണ്ടെങ്കിലും അതിലെ ചില അടിസ്ഥാന രീതികളെ പരിചയപ്പെടാം

മേഘങ്ങളുടെ ആകൃതി അനുസരിച്ച് അവയെ 4 തരമായി തരംതിരിച്ചിരിക്കുന്നു. സിറസ് മേഘങ്ങൾ, സ്ട്രാറ്റസ്യേഘങ്ങൾ, കുമുലസ് മേഘങ്ങൾ കുടാതെ നിരബസ്സേഘങ്ങൾ.

### സിറസ്മേഘങ്ങൾ

സാധാരണ തെളിഞ്ഞ ദിനസ്ഥിതിയിലാണ് സിറസ് മേഘങ്ങൾ കാണപ്പെടുക. വളരെ ഉയരത്തിൽ നേർത്ത തൂവൽക്കെട്ടുകൾ പോലെ കാണുന്നു. പൊതുവേ സിറസ് മേഘങ്ങൾ കൂടുതലായി കാണാറില്ല. ഏകദേശം ഉച്ച കഴിഞ്ഞ് അസ്തമനത്തോട് ആണ് ഇവയെ കാണാനാകും

### സ്ട്രാറ്റസ് മേഘങ്ങൾ

ഇവ വളരെ താഴ്ന്നവിതാനത്തിൽ കാണപ്പെടുന്നു. കനത്തപാളികളായി തമ്മിൽ പറ്റിച്ചേർന്ന് ഇവ കാണപ്പെടുന്നു. ഏകദേശം 8000 അടി ഉയരത്തിൽ ഇവ നിലനിൽക്കുന്നു. താരതമ്യേന ഇവയുടെ സാന്നിധ്യം സാധാരണ കുറവായി കാണുന്നു.

### കുമുലസ് മേഘങ്ങൾ

കുമുലസ് മേഘങ്ങളാണ് വളരെ ആശ്ചര്യം ജനിപ്പിക്കുന്നവ. വ്യത്യസ്തരൂപത്തിൽ ഇവ കാണുന്നു. ചലിച്ചുകൊണ്ടിരിക്കുമ്പോൾ തന്നെ ഇവയുടെ ഓരോ ഭാഗവും വിഘടിതമാകുന്നു. താപം ദൂരേക്ക് ഉയർന്ന് പൊങ്ങുന്നതാണല്ലോ സംവഹനം. ഉയർന്ന സംവഹനപ്രവാഹമായി രൂപം കൊള്ളുന്ന ഇവ പഞ്ഞിക്കെട്ടുകൾപോലെ ഈ മേഘങ്ങൾ നിലകൊള്ളുന്നു. ഉയർന്ന ലംബദിശാവ്യാപ്തം ഇവയ്ക്കുണ്ട്. വൈദ്യുതകണങ്ങളെ ഉൾക്കൊണ്ടിരിക്കുന്നവ ഇതാണ്. ഇവയുടെ തമ്മിലെ പ്രതിപ്രവർത്തനമായാണ് ഇടിമിന്നലുകൾ രൂപം കൊള്ളുന്നത്.

### നിംബസ് മേഘങ്ങൾ

താഴ്ന്നവിതാനത്തിൽ കാണുന്ന ഇരുണ്ട മഴമേഘങ്ങളാണ് ഇവ. ജലകണികകൾ സാന്ദ്രമായതിനാൽ ഉത് സൂര്യപ്രകാശത്തെ കടത്തിവിടാതെ ഇരുണ്ട നിറത്തിൽ കാണുന്നു. മഴയെന്ന പ്രതിഭാസം ഇവയുടെ ജലകണികകളുടെ ഭാരം കൂടുമ്പോഴുണ്ടാകുന്ന സ്വതന്ത്രമാക്കലാമുകളിൽസൂചിപ്പിച്ച

മേഘങ്ങൾ സ്വതന്ത്രമായിട്ടല്ല കാണപ്പെടുന്നത്. വിവിധതരം മേഘങ്ങൾകൂടിച്ചേർന്നാണ്പലപ്പോഴും നമ്മുക്കും ദൃശ്യമാകുന്നത്. ഉദാഹരണത്തിന് കുമുലസ്, നിംബസ് എന്നീമേഘങ്ങൾ കൂടിക്കലർന്ന് കൂമലോനിംബസ് മേഘങ്ങൾ എന്ന് വിളിക്കുന്നു. വളരെ വ്യത്യസ്തവും രസകരവും ആയ ഈ മേഘങ്ങൾ എക്കാലവും മനുഷ്യരെ രസിപ്പിക്കും. ആകൃതിയുടേയും വേഗത്തിന്റേയും നിറത്തിന്റേയും ഒരു അത്ഭുത പ്രതിഭപോലെ വിളങ്ങുന്ന മേഘങ്ങൾ നമ്മുടെ ചുറ്റും നിലനിൽക്കുന്നു. അവയെ നിരീക്ഷിച്ചും താരതമ്യം ചെയ്ത് പഠിച്ച് മനസ്സിലാക്കാനും ഇത് ഉപകരിക്കട്ടേ....

ഹാബേൽ ഷാജി
9 ബി

# പ്രകാശം

അന്ധകാരത്തെ നീക്കിതുടച്ച്
എന്റെ സത്യമേ സൂര്യ
പ്രകാശമേ,അന്ധകാരമാം
തെറ്റിനെ നീക്കി തുടച്ച്
വെൺ നിലാവേ........

നിൻ പ്രഭയില്ലയെന്നോർ
ക്കുമ്പോൾ,ഭൂലോക ജീവിത
മില്ലെന്നുമേ,സത്യമെന്നവതാ
രം,സ്വീകരിച്ചുകൊണ്ട്,ലോ
കത്തിനെന്നും കീർത്തി നീ നൽകി..

സത്യമാം,സൂര്യപ്രകാശമായ്
എന്നുമേ,നീ വരുമേ,എന്നു
മെന്നും നീ തുണയായ്
ഈ ഭൂമിക്ക്

സ്വർഗ്ഗത്തിൽ നിന്നും
ദൈവമയച്ച സ്വർഗ്ഗയ
മാം സൂര്യനേ നിൻ
തുണയിൽ എന്നും അന്ധകാരം
എന്ന ശാപം ഇനി
ഒരു ഭൂമിയിലുമില്ല എന്റെ
കോടി പ്രണാമം,പ്രകാശമേ

അനുശ്രീ.എസ്
7 സി

# രക്ഷകൻ

മുൾക്കിരീടം വഹിച്ച ശിരസ്സും
ആണിപ്പാടുള്ള കരങ്ങളും
ചാട്ടവാറടിയേറ്റ ദേഹവും
എന്നാളും തുണയേകുമെനിക്ക്

ആരോരുമില്ലാത്തവർ തൻ
ആശ്രയം നീയേ, എന്നും
നീ മാത്രം അഭയം ഞങ്ങൾക്ക്
സർവ്വവും നീ മാത്ര ഞങ്ങൾക്ക്

നാനാവിധ പ്രതിസന്ധിഘട്ടങ്ങളിൽ
അങ്കലാപ്പോടെ ആവലാതിയോടെ
മനോവ്യഥയോടെ ആകുലരായ്
എത്തും ആയിരങ്ങൾക്ക് അഭയം നീ തന്നെ

ഒരു പോറലുമേല്പിയ്ക്കാതെ
സാത്താന്റെ ശക്തിയ്ക്കടിമപ്പെടാതെ
യേശുവേ നിൻ കാവൽ എന്നുമെന്നും
ഞങ്ങൾ കാംക്ഷിച്ചീടുന്നുദാരമായ്

അർഹതയില്ല തെല്ലുമെന്നറിയാം
കൊടുംപാപിയാം ഞങ്ങൾക്ക്
അങ്ങേ കരുണ തൻ മഹാസമുദ്രത്തിൽ
നീന്തിത്തിമിർക്കുവാനാവേശം

യേശുവേ സമർപ്പിക്കുന്നങ്ങേയ്ക്ക്
എന്നെന്നും അങ്ങേ മുൻപിൽ
ഞാനും എനിക്കുള്ളതെല്ലാം
സർവ്വവും അങ്ങേയ്ക്കായി

രേഖാമോൾ ജോഷി

അധ്യാപിക

# സ്കൂൾതല ക്യാമ്പ്










# ഡിജിറ്റൽ മാഗസിൻ നിർമാണം






# പരിശീലന ക്ളാസുകൾ













സ്എസ്





# സബ്ജില്ല ക്യാമ്പ്








# ക്യാമറ ട്രയിനിംഗ്





# പടവുകൾ






SCHOOL BUS
M.K.M.H.S.S PIRAVOM















# ലിറ്റിൽ കൈറ്റ്സ് 2018 - 2019

